
No. 1 Christian Fortnightly in Malayalam

# ഹാലേലൂയ്യാ

392 | 16-28 FEBRUARY, 2013 • ക്രൈസ്തവ ദ്വൈവാരിക | Price Rs. 10/-

Pages 16 | Vol. - 18 Issue -392 | Published From Kottayam Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96




## ഹാലേലൂയ്യാ ഇയർബുക്ക് ജോലികൾ അവസാനഘട്ടത്തിൽ

**കേരളത്തിലെ പെന്തെക്കോസ്തു സഭകളുടെ ചരിത്രം, പ്രമുഖ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള വിവരണം. 1909 മുതൽ ഒരു നൂറ്റാണ്ട് കാലത്ത് ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സമൂഹത്തിൽ സംഭവിച്ച കാര്യങ്ങൾ, പെന്തെക്കോസ്ത് മുന്നേറ്റത്തിന് നേതൃത്വം നൽകിയ നൂറുകണക്കിന് ദൈവദാസന്മാരുടെ ജിവചരിത്രക്കുറിപ്പുകൾ തുടങ്ങിയ ആയിരക്കണക്കിന് വിവരണങ്ങൾ ഈ ഇയർ ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.**

ഈ ഇയർബുക്കിൽ ഹൂ ഈസ് ഹൂ (ലഘുജീവചരിത്രക്കുറിപ്പ്) ഫോട്ടോയും നൽകുവാൻ ആഗ്രഹിക്കുന്നവർ ഉടൻ തന്നെ ഓഫീസുമായി ബന്ധപ്പെടുക. കേരളാ പെന്തെക്കോസ്തിന്റെ ചരിത്രം വിവരിക്കുന്ന ഈ ഇയർ ബുക്കിൽ നിങ്ങളെക്കുറിച്ചുള്ള വിവരണവും ഉൾപ്പെടുത്തുവാനുള്ള അവസരം നഷ്ടമാക്കാതിരിക്കുക.

വളരെയേറെ ശ്രദ്ധിക്കപ്പെടുന്ന വീണ്ടും വീണ്ടും ഉപയോഗിക്കപ്പെടുന്ന ഈ ഇയർബുക്കിൽ നിങ്ങളുടെ സ്ഥാപനത്തിന്റെ പരസ്യം ഉൾപ്പെടുത്തുന്നതിനും അവസരമുണ്ട്. താൽപ്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക 9349500155, 9744294144, 0469-3290355



# റവ. സാം ജോർജ്ജ് ചാരിതാർത്ഥ്യത്തോടെ പടിയിറങ്ങുന്നു

കുമ്പനാട് കൺവൻഷനിലെ വെള്ളിയാഴ്ച രാത്രി. അതിഥി പ്രസംഗകനായ പ്രതാപ്സിംഗ് ശക്തമായ ദൂത് നൽകുന്നു. സഭ ഒരു പുതിയ തലത്തിലേക്ക് ഉയരുവാൻ തുടങ്ങുന്നു. റൺവേയിൽ ഓടുന്ന വിമാനം ആകാശത്തിലേക്ക് കുതിച്ചുയർന്ന് ഉയരങ്ങളിൽ ചിറകുവിരിച്ച് പറക്കുന്ന വാഗ്മയചിത്രം ഐ.പി.സിയെക്കുറിച്ചുള്ള ദർശനമായി ആ ദൈവഭൃത്യൻ അവതരിപ്പിച്ചു. ഒൻപത് പതിറ്റാണ്ടിന്റെ പാരമ്പര്യം പറയുന്ന ഐ.പി സിയുടെ കിതപ്പും കുതിപ്പും ഏറെക്കണ്ട കുമ്പനാട് പുതിയ ദൈവാലോചനയെ കരഘോഷത്തോടെ ഏറ്റെടുത്തു.

ഈ കുതിപ്പ് മൂന്നു വർഷം മുമ്പ് കർണ്ണാടകയിൽ ആരംഭിച്ചു കഴിഞ്ഞിരുന്നു. വർഷങ്ങളായി പതിയെ ഓടിക്കൊണ്ടിരുന്ന കർണ്ണാടക സ്റ്റേറ്റ് ഐ.പി.സിയെ വളർച്ചയുടെ കുതിപ്പിലേക്ക് നയിച്ചത് പൈലറ്റായെത്തിയ റവ.സാം ജോർജ്ജ്. പത്തനാപുരം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഇ.സി. ജോർജ്ജിന്റെ പുത്രൻ. ഒരു ടേം കൊണ്ട് കർണ്ണാടകയിൽ നൂറു ശതമാനത്തിലധികം സഭാവളർച്ചയുണ്ടാക്കിയ ശേഷം അഭിമാനത്തോടും അതിലേറെ ചാരിതാർത്ഥ്യത്തോടെയും പ്രസിഡന്റ് പദവി വച്ചൊഴിയുന്ന പാസ്റ്റർ സാം ജോർജ്ജ് പുതിയ കുതിപ്പിനുള്ള ദൈവനിയോഗം ഏറ്റെടുത്തു കഴിഞ്ഞു.

ഐ.പി.സി.ജനറൽ ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ഹാലേലൂയ്യായോട് സംസാരിക്കുന്നു.

? ജനറൽ ജോ.സെക്രട്ടറി ആയതോടെ താങ്കൾ കർണ്ണാടകയുടെ പ്രസിഡന്റ് പദവിയിൽ നിന്ന് മാറണമെല്ലോ.

തീർച്ചയായും ഈ തവണത്തെ സ്റ്റേറ്റ് കൺവൻഷനോടെ ഞാൻ പ്രസിഡന്റ് പദവി ഒഴിയുകയാണ്. എന്റെ സ്നേഹിതനും പാസ്റ്റർ വി.ടി. ജോസഫിന്റെ മകനുമായ പാസ്റ്റർ

*(ശേഷം 4-ാം പേജ്)*

# കർണ്ണാടക ഐ.പി.സി. കൺവൻഷൻ ഫെബ്രുവരി 20 – 24





*പാസ്റ്റർ കെ.സി.ജോൺ, പാസ്റ്റർവിത്സൺ ജോസഫ്, പാസ്റ്റർനൂറുദ്ദീൻ മുള്ള*

***ജേക്കബ് ഫിലിപ്പ്***

ബാംഗ്ലൂർ: ഐ.പി.സി.കർണ്ണാടക സ്റ്റേറ്റ് 26-ാമത് വാർഷിക കൺവൻഷൻ ഫെബ്രുവരി 20-24 വരെ അഗര, ഹൊറമാവ് ഐ.പി.സിഹെഡ് ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടക്കും. 20-ന് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്ജ് ഉദ്ഘാടനം ചെയ്യും. നിർധനരായ 10 സഹോദരിമാരുടെ സമൂഹ വിവാഹശുശ്രൂഷ നടക്കും.

പാസ്റ്റർമാരായ കെ.സി.ജോൺ, വിത്സൺ ജോസഫ്, വർഗീസ് ഏബ്രഹാം, നൂറുദ്ദീൻ മുള്ള, ഡോ.ഇടിച്ചെറിയാ നൈനാൻ, ഇ.ഡി.ചെല്ലദുരൈ, യെഹെസ്ക്കേൽ ജോഷ്വാ, സിസ്റ്റർ കീർത്തി എൻ.പി., എന്നിവർ പ്രസംഗിക്കും. ദിവസവും രാവിലെ ബൈബിൾ ക്ലാസ്, പൊതുയോഗം, സുവിശേഷയോഗം, ഗാനശുശ്രൂഷ എന്നിവയുണ്ടായിരിക്കും. സോദരീ സമാജം സമ്മേളനം, യുവജനസമ്മേളനം, സൺഡേസ്കൂൾ വാർഷിക സമ്മേളനവും, ഞായറാഴ്ച രാവിലെ സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടക്കും. കൺവൻഷൻ ജനറൽ കൺവീനറായി പാസ്റ്റർ രാജൻ ജോൺ, ജോസ് വർഗീസ് (ജോ. കൺവീനർ), പാസ്റ്റർ പി.പി.ജോസഫ് (പ്രെയർ), പാസ്റ്റർ ടി.എസ്.മാത്യു (പബ്ലിസിറ്റി), പോൾസൺ (അറേഞ്ച്മെന്റ്), പാസ്റ്റർ ജോസ് മാത്യു (സംഗീതം), കർണ്ണാടക സ്റ്റേറ്റ് പി.വൈ.പി.എ.(ഭക്ഷണം), പാസ്റ്റർ എ.എം.ജേക്കബ് (താമസ സൗകര്യം),വൈ.തങ്കച്ചൻ (വോളന്റിയർ) ബിജു എം.പാറേൽ (സെക്യൂരിറ്റി), പാസ്റ്റർ കെ.വി. ജോസ് (ഗതാഗതം), പി.വി.പോൾ (ഫൈനാൻസ്) എന്നിവരടങ്ങുന്ന വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

# പാക്കിസ്ഥാനിലേക്കൊരു സുവിശേഷയാത്ര





മുംബൈ: അസംബ്ലീസ് ഓഫ് ഗോഡ് ന്യൂ ബോംബെ മിഷൻസ് ഡയറക്ടറും മുംബയിലെ സീനിയർ ദൈവദാസന്മാരിലൊരാളുമായ ഡോ.തോമസ് മത്തായി ചിരകാല സ്വപ്നം സാക്ഷാത്ക്കരിച്ചതിന്റെ സന്തോഷത്തിലാണ്. അയൽരാജ്യമായ പാക്കിസ്ഥാനിലേക്കൊരു സുവിശേഷയാത്ര എന്ന സ്വപ്നമാണ് സഫലമായത്.

ചാണക്യപുരിയിലെ പാക്കിസ്ഥാൻ എംബസിയിൽ നിന്ന് പാക്കിസ്ഥാൻ സന്ദർശനത്തിന് വിസ ലഭിക്കുന്ന ആദ്യ മലയാളി പാസ്റ്ററായിരിക്കണം ഒരു പക്ഷേ ഡോ.തോമസ് മത്തായി. വാഗാ അതിർത്തി വഴി ബസിൽ ലാഹോറിലെത്തിയ അദ്ദേഹത്തെ സ്വീകരിക്കാൻ പാസ്റ്റർ കുരാംബർക്കത്ത് എന്ന ദൈവദാസൻ എത്തിയിരുന്നു. പിറ്റേ ദിവസം ലാഹോറിൽ നിന്ന് 140 കിലോമീറ്റർ അകലെ സിയാൽകോട്ടിൽ ചെന്ന് പോലീസ് ഡിപ്പാർട്ടുമെന്റിൽ സന്ദർശന വിവരങ്ങൾ കൈമാറി. അവിഭക്ത പഞ്ചാബിലെ പ്രധാന സ്ഥലങ്ങളിൽ ഒന്നായ സിയാൽകോട്ട് പഴയ ഒരു മിഷൻ കേന്ദ്രമാണ്. പൂനയിൽ മുക്തിമിഷനിൽ പരിശുദ്ധാത്മ പകർച്ച ഉണ്ടാകുന്നതിന് മുൻപ് അന്യഭാഷ അടയാളത്തോടെ ആത്മപകർച്ച അനുഭവപ്പെട്ട സ്ഥലമാണ് സിയാൽകോട്ട്.

സിയാൽ കോട്ട് ഉണർവ്വിന് പിൻതുടർച്ച ഉണ്ടായതായി ചരിത്രത്തിൽ രേഖകൾ ഇല്ലങ്കിലും ഇന്ന് പാക്കിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിൽ ഏകദേശം നാലുലക്ഷത്തിലധികം പെന്തെക്കോസ്തു വിശ്വാസികൾ ഉണ്ടന്നത് അത്ഭുതകരമായ ദൈവപ്രവർത്തിയാണ്.

ഒരാഴ്ചത്തെ സന്ദർശനത്തിനെത്തിയ ഡോ.തോമസ് മത്തായി നിരവധിയോഗങ്ങളിൽ പ്രസംഗിച്ചു. നാനൂറും അഞ്ഞൂറും പേർ പങ്കെടുത്ത യോഗങ്ങൾ ദൈവപ്രവർത്തിയുടെ അത്ഭുത കാഴ്ചകൾക്ക് വേദിയായി മാറി. സാമ്പത്തിക ഭദ്രതയോ ആധുനിക പുരോഗതികളോ അന്യമായ പഞ്ചാബി പ്രവിശ്യയിലെ ഗ്രാമങ്ങളിൽ ക്രിസ്ത്യാനികളോട് എതിർപ്പുകൾ ഇല്ലന്നതാണ് വാസ്തവം. എന്നാൽ പാക്കിസ്ഥാനിലെ മറ്റു പല പ്രാവശ്യകളിലും ക്രിസ്ത്യനികൾ കൊടിയ പീഢനങ്ങൾ അനുഭവിക്കേണ്ടിവരുന്നു.

ഇന്ത്യയിൽ നിന്ന് സുവിശേഷപ്രസംഗകർ പാക്കിസ്ഥാനിലെത്താറില്ല. അപൂർവ്വമായി അമേരിക്കൻ മിഷനറിമാർ സന്ദർശിക്കാറുണ്ട്. ശക്തമായ നേതൃത്വമോ ക്രമീകൃതമായ സംവിധാനങ്ങളോ ഇല്ലെങ്കിലും പാക്കിസ്ഥാനിൽ സഭകൾ നല്ല വളർച്ച നേടുന്നുണ്ട്.

ഒരാഴ്ചത്തെ സന്ദർശനം കഴിഞ്ഞ് വിശ്വാസികളോട് കണ്ണീരോടെ യാത്ര പറഞ്ഞ് വീണ്ടും പാക്കിസ്ഥാനിൽ സന്ദർശനം നടത്തണമെന്ന ആഗ്രഹത്തോടെയാണ് ഡോ. തോമസ് മത്തായി നാട്ടിലേക്ക് മടങ്ങിയത്.

# വൻ അഴിമതി ആരോപണം: പാസ്റ്റർ സി.വി ജോണിനെതിരെ ശാരോൻ സഭ നടപടി എടുത്തു



തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സഭയുടെ മാനേജിംഗ് കൗൺസിൽ സെക്രട്ടറിയും സഭയുടെ മല്ലപ്പള്ളി സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ സി.വി ജോണിനെതിരെ സഭ നടപടി എടുത്തു. കോടികളുടെ അഴിമതി ആരോപണത്തെ തുടർന്നുള്ള അന്വേഷണങ്ങൾക്കൊടുവിലാണ് സഭയുടെ ഔദ്യോഗിക ചുമതലകളിൽ നിന്ന് അദ്ദേഹത്തെ മാറ്റി നിർത്തുവാൻ സഭാ കൗൺസിൽ ഐക്യഖണ്ഡേന തീരുമാനമെടുത്തത്. മാർച്ച് 31ന് മുൻപായി കണക്കുകളും രേഖകളും കൗൺസിലിനെ തിരിച്ചേൽപ്പിച്ച് ബോധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം അദ്ദേഹത്തിനെതിരെ നിയമനടപടികളിലേക്ക് നീങ്ങേണ്ടിവരുമെന്നും അദ്ദേഹത്തെ അറിയിച്ചതായി സഭാ കൗൺസിൽ അംഗമായ പാസ്റ്റർ ബോസ് എം കുരുവിള ഹാലേലൂയ്യായോട് പറഞ്ഞു.

ശാരോൻ സഭാ സ്ഥാപകനായ പാസ്റ്റർ പി.ജെ തോമസ് സഭക്കു വേണ്ടി വാങ്ങിയ 61 ഏക്കർ സ്ഥലം മലബാറിലെ കണ്ണൂർ ജില്ലയിലുണ്ട്. 100 കോടി രൂപ വില വരുന്ന ഈ സ്ഥലം കൈവശപ്പെടുത്താനും വിൽപ്പന നടത്താനും ശ്രമിച്ചു എന്നതാണ് പ്രധാന ആരോപണം. ആ സ്ഥലത്ത് സ്കൂൾ നടത്തുന്നതിന് വേണ്ടി 35 വർഷത്തേക്ക് സഭയറിയാതെ ലീസിനു നൽകിയിട്ടുണ്ട്. അതിലൂടെ ലഭിച്ച പണവും പ്രസ്തുത സ്ഥലത്തു നിന്നും നാഷണൽ ഹൈവേ അക്വയർ ചെയ്ത സ്ഥലത്തിനു ലഭിച്ച നഷ്ടപരിഹാരത്തുകയായ 14 ലക്ഷം രൂപയും സഭാ അക്കൗണ്ടിൽ എത്തിയിട്ടില്ല. പാസ്റ്റർ പി.ജെ താമസിന്റെ സന്തതസഹചാരിയായി കൂടെ നിന്ന് കഴിഞ്ഞ ദീർഘവർഷങ്ങളായി ശാരോൻ വക സ്വത്തുക്കൾ കൈകാര്യം ചെയ്തിരുന്ന ഇദ്ദേഹത്തിന്റെ നടപടികൾ സംബന്ധിച്ച് നേരത്തെയും പരാതികൾ ഉണ്ടായിരുന്നു. എന്നാൽ ഇതാദ്യമായാണ് സഭ അന്വേഷണം നടത്തി നടപടിയെടുക്കുന്നത്. അന്വേഷണ കമ്മറ്റിയിൽ പാസ്റ്റർമാരായ ഏബ്രഹാം ജോർജ്, ബോസ് എം കുരുവിള, പി.എം ജോൺ, കെ.ടി തോമസ്, സഹോദരന്മാരായ ജോൺസൺ കെ സാമുവൽ, ഏബ്രഹാം ജോസഫ് എന്നിവർ അംഗങ്ങളായിരുന്നു.

പാസ്റ്റർ പി.ജെ തോമസ് കേരളത്തിൽ സാമ്പാദിച്ചിട്ടുള്ള മുഴുവൻ സ്ഥാവരജംഗമ സ്വത്തുക്കളും ശാരോൻ പ്രസ്ഥാനത്തിന്റേതാണന്നും ശാരോൻ സഭാ കൗൺസിൽ അനുവദിക്കുന്നിടത്തോളം കാലം മാത്രമേ തിരുവല്ലയിലെ ശാരോൻ കോമ്പൗണ്ടിലെ വീട്ടിൽ തങ്ങൾ താമസിക്കുകയുള്ളെന്നും പി.ജെ തോമസിന്റെ മകനും അമേരിക്കയിലെ ശാരോൻ സഭാ പ്രസിഡന്റുമായ പാസ്റ്റർ ജോൺ തോമസ് പറഞ്ഞതായും പാസ്റ്റർ ബോസ് എം കുരുവിള പറഞ്ഞു.

# പെണ്ണുകാണാൻ പോയവന്റെ കണ്ണുപോയ വഴിത്താര...

മനുഷ്യനെ നന്നാക്കുവാനും നശിപ്പിക്കുവാനും അത്യന്തം ശക്തിയുള്ള ഒരു അവയവം നമുക്കുണ്ട്. അത് നമ്മുടെ നാവാണ്. മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും (സദൃശ 18:21) എന്നു ജ്ഞാനി പറഞ്ഞിട്ടുള്ളത് ഒരു നിത്യ സത്യമാണ്.

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



ഈ സംഭവം നടന്നിട്ട് ഇരുപത്തഞ്ചു വർഷങ്ങൾ കഴിഞ്ഞു. എങ്കിലും, കാലത്തിന് അതിനെ എന്റെ മനസ്സിൽ നിന്നും ഇതുവരെ മയിക്കാനായിട്ടില്ല. അന്നൊരു വ്യാഴാഴ്ച ദിവസമായിരുന്നു. സമയം വൈകുന്നേരം ഏഴുമണി. സൗദിഅറേബ്യയിലെ ദമാമിലുള്ള എന്റെ വാടകവീട്ടിൽ എന്നോടൊത്തു ദൈവത്തെ ആരാധിച്ചിരുന്ന അടൂർ സ്വദേശിയായ ഒരു സഹോദരൻ വന്നു. ആ സഹോദരൻ മദ്യത്തിന് അടിമയായിരുന്നു. സത്യം പറഞ്ഞാൽ, വീട്ടിലും നാട്ടിലും ആർക്കും സ്വൈര്യം കൊടുക്കാത്തവനാകയാൽ നാട്ടുകാർ അദ്ദേഹത്തെ നന്നാകാൻവേണ്ടി മദ്യം ലഭിക്കാത്ത നാട്ടിലേക്കു നാടുകടത്തിയതാണ്! പക്ഷേ, തന്റെ താമസസ്ഥലത്ത് സ്വയം മദ്യമുണ്ടാക്കി കുടിക്കുകയും മറ്റുള്ളവർക്കു കൊടുക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം നാട്ടുകാരോട് പകരംവീട്ടി!!

ദൈവകൃപയാൽ, ആ സഹോദരൻ ഞങ്ങളുടെ അടുക്കൽ എത്തുകയും സുവിശേഷത്തിന്റെ ശക്തിയാൽ വിടുവിക്കപ്പെടുകയും ചെയ്തു. അദ്ദേഹം ഇപ്പോൾ മധ്യതിരുവിതാംകൂറിലുള്ള ഒരു സഭയുടെ അനുഗൃഹീതനായ പാസ്റ്ററാണ്. സ്നാനപ്പെട്ടുകഴിഞ്ഞ് മദ്യപാനികളെ കർത്തവിങ്കലേക്കു കൂട്ടിക്കൊണ്ടുവരുന്നതിൽ അദ്ദേഹം ശുഷ്കാന്തിപുലർത്തി. അത് പലരുടെ രക്ഷയ്ക്കു മുഖാന്തരമായി.

സൗദിയിലെ വ്യാഴാഴ്ച നമ്മുടെ ശനിയാഴ്ചയ്ക്കു തുല്യമാണ്. ഉച്ചകഴിഞ്ഞാൽ പിന്നെ ഞാൻ ഫ്രീയാവും. സുവിശേഷം കേൾപ്പിക്കുവാനായി സഹോദരങ്ങൾ ആളുകളുമായി വീട്ടിൽ വരിക വ്യാഴാഴ്ചകളിലെ പതിവാണ്. അടൂർ സ്വദേശിയൊടൊപ്പം ഒരാൾകൂടെ ഉണ്ടായിരന്നു. താടിയും മുടിയും നീട്ടിവളർത്തിയ ഒരു ചെറുപ്പക്കാരൻ. നിർജ്ജീവമായ നയനങ്ങളും നിരാശഭരിക്കുന്ന മുഖവും. ഏഴുവർഷമായി നാട്ടിൽ പോകാതെ മദ്യത്തിന് അടിമയായി ജീവിക്കുന്നവൻ. കുടുംബബന്ധം വേർപെടുത്തുവാൻ കേസുകൊടുത്തിട്ട് വിധിക്കായി കാത്തിരിക്കുന്നയാൾ. കുളിമുറിയിൽ കയറിയിട്ട് ആഴ്ചകൾ പിന്നിട്ടിട്ടുണ്ടെന്ന് അന്തരീക്ഷം സാക്ഷ്യപ്പെടുത്തുന്ന അയാളെ എന്നോടൊപ്പം വിട്ടിട്ട് അടൂരുകാരൻ മുങ്ങി!

ഭക്ഷണം കഴിച്ചിട്ട് ഞങ്ങൾ സംസാരിക്കുവാൻ ആരംഭിച്ചു. അയാളുടെ കഥയുടെ ചുരുക്കം പറയാം. വിവാഹം കഴിച്ചിട്ട് എട്ടുവർഷമായി. വിവാഹം കഴിഞ്ഞ് ഇരുപതുദിവസമായപ്പോൾ സൗദിയിലെത്തി, ഒൻപതു മാസം തികയുംമുമ്പേ ഭാര്യ ഒരു മകൾക്കു ജന്മം നൽകി. മാസം തികെയാതെ ജനിച്ച ആ മകൾ തന്റേതല്ലെന്ന് അയാൾ തീർച്ചപ്പെടുത്തി. ഭാര്യയുമായി പിണങ്ങി. ഭാര്യ തന്റെ വീട്ടിൽ പ്രസവത്തിനുപോയിട്ട് ഏഴുവർഷമായി. ആ ഭർത്താവ് ഇതിനോടകം നാട്ടിൽ പോകയോ ഒരു കത്തയക്കയോ ചെയ്തിട്ടില്ല. പോരാത്തതിന് വിവാഹമോചനത്തിന് ശ്രമം ആരംഭിക്കുകയുമായി.

എനിക്ക് ആ സഹോദരനോട് മനസ്സലിവുതോന്നി. ദീർഘസമയം ഞങ്ങൾ സംസാരിച്ചിരുന്നു. അവസാനം, അയാളുടെ പ്രശ്നകാരണം ദൈവം എനിക്ക് വെളിപ്പെടുത്തി. വിവാഹം കഴിഞ്ഞ് പള്ളിയിൽ നിന്നും ഇറങ്ങിവരുമ്പോൾ ചെറിയ ചാറ്റൽ മഴയുണ്ടായിരുന്നു. പുതുമണവാട്ടി നനയാതിരിക്കുവാൻ ഇടംകൈകൊണ്ടു തന്നോടു ചേർത്തുപിടിച്ചു കാറിനടുത്തേക്ക് ഒരേ കുടക്കീഴിൽ നടന്നുവരവേ അതുവഴിവന്ന തന്റെ പരിചയക്കാരനായ ഒരു പുരോഹിതൻ അവരുടെ അടുത്തെത്തി: എടോ ജോസേ, താൻ കല്യാണം കഴിച്ചു അല്ലേ? എടോ, പെണ്ണുകാണാൻ പോയപ്പോൾ തന്റെ കണ്ണെവിടാരുന്നെടോ? എന്ന കമന്റുപാസ്സാക്കി നടന്നകന്നു. അദ്ദേഹത്തെ കല്യാണത്തിനു ക്ഷണിക്കാതിരുന്നതിന്റെ പകതീർത്തതാവാം. പക്ഷേ, ആ വാക്കുകൾ ജോസിന്റെ ചങ്കിൽ കൂരമ്പുപോലെ തറച്ചു! അച്ചന്റെ ക്രൂരമായ വാക്കുകൾ കേട്ടു മനസ്സുനൊമ്പരപ്പെട്ടു നിന്ന ഭാര്യയുടെ മുഖത്തേക്കു ജോസ് നോക്കി. അപ്പോൾ അവന്റെ മനസ്സുപറഞ്ഞു, ഇവൾ എനിക്കു ചേരുന്നവളല്ല!! മനസ്സിന്റെ അടിയിൽ അവൻ അടിവരയിട്ടെഴുതി, അച്ചൻ പറഞ്ഞതാണ് സത്യം! തന്റെ തിരഞ്ഞെടുപ്പു തെറ്റിപ്പോയി!!

ഞങ്ങളുടെ സംസാരം കഴിഞ്ഞപ്പോൾ രാവിലെ മൂന്നരകഴിഞ്ഞു. അവസാനം, ജോസിനു സത്യം ബോധ്യമായി. അച്ചൻ അവനെ കുരുക്കുവാൻ ഉപയോഗിച്ച വ്യാജപാശം സത്യത്തിനുമുമ്പിൽ അഴിഞ്ഞുമാറി. അവൻ സ്വതന്ത്രനായി. മാനസ്സാന്തരപ്പെട്ടു സ്നാനമേറ്റു. ദൈവസഭയുടെ ഊഷ്മള കൂട്ടായ്മയിൽ പുതിയസൃഷ്ടിയായ അയാൾ പുത്തൻതീരുമാനങ്ങളെടുത്തു. ഭാര്യയോടു ക്ഷമചോദിച്ചു കത്തെഴുതി. താമസിയാതെ നാട്ടിലെത്തി. ഭാര്യയേയും മകളേയും കൂട്ടി വീട്ടിലേക്കുപോയി. ഇപ്പോൾ മൂന്നു മക്കളുടെ പിതാവായി അവർ കുടുംബമായി കർത്താവിനെ സേവിക്കുന്നു.

മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു എന്നത് എത്രയോ വാസ്തവം. നാവിനെ നാം നിസ്സാരമായി തള്ളിക്കളയരുത്. നമ്മുടെ നാവിൽ അധികാരം അഥവാ ശക്തിയുണ്ട്. നമ്മുടെ നാവിൽ നിന്നും പുറപ്പെടുന്ന വാക്കുകൾ കേൾക്കുന്നവരെ കൊല്ലുവാനും ജീവിപ്പിക്കുവാനുമുള്ള ശക്തി നമ്മുടെ നാവിലുണ്ട്. നാം നിസ്സാരമെന്നു കരുതി സംസാരിച്ച വാക്കുകൾ എത്രയോ ആളുകളുടെ മരണത്തിനു കാരണമായെന്നു നിത്യതയിലെത്തുമ്പോഴേ കൃത്യമായി മനസ്സിലാക്കാനാവു. അതുപോലെ, നമ്മുടെ വാക്കുകൾ നിമിത്തം ജീവിപ്പിക്കപ്പെട്ടവരെയും അവിടെ നമുക്ക് കാണാനാവും.

ആകയാൽ, ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയണം എന്ന് അറിയേണ്ടതിനു നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ. (കൊലൊ. 4:6) സങ്കീർത്തനക്കാരനൊപ്പം നമുക്കും പ്രാർത്ഥിക്കാം: യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി, എന്റെ അധരദ്വാരം കാക്കണമേ. (സങ്കീ. 141:3)

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## ബറോഡ ഐക്യകൺവൻഷൻ

ബറോഡ: ബറോഡയിലുള്ള പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് കൂട്ടായ്മയുടെ കൺവൻഷൻ ഫെബ്രു.8-10 വരെ നടന്നു. പാസ്റ്റർ അജി തോമസ് പ്രസംഗിച്ചു. പാസ്റ്റർ ഡാനിയേൽ പോൾ കോർഡിനേറ്ററായി പ്രവർത്തിച്ചു.

## സെന്റർ കൺവൻഷൻ

**ചെന്നൈ:** ഐ.പി.സി ചെന്നൈ മെട്രോ ഡിസ്ട്രിക്റ്റ് 15-ാം വാർഷിക കൺവൻഷൻ ഫെബ്രു.7-10 വരെ മുഗപ്പേർ ഐ.പി.സി ബഥേൽ ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു. സെന്റർ പ്രസിഡന്റ് പാസ്റ്റർ രാജു എം ചെറിയാൻ ഉദ്ഘാടനം ചെയ്തു.

## വെണ്ണിക്കുളം ക്രൂസേഡ്

വെണ്ണിക്കുളം: വെണ്ണിക്കുളം ഗോസ്പൽ സെന്റർ സഭയുടെ കൺവൻഷൻ ഫെബ്രു.21-24 വരെ നടക്കും. പാസ്റ്റർമാരായ രവി ബാംഗ്ലൂർ, പാസ്റ്റർ റെയ്സൺ കൊല്ലം എന്നിവർ പ്രസംഗിക്കും.

## മുനിയറ കൺവൻഷൻ

മുനിയറ: 12-ാമത് മുനിയറ ബൈബിൾ കൺവൻഷൻ ജനു.11-13 വരെ നടന്നു. പാസ്റ്റർ ജെയ്മോൻ സി.ജെ (ഡയറക്ടർ പി.എം.ഐ) കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ.എം വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ബിജി അഞ്ചൽ, പാസ്റ്റർമാരായ ബിനോയി ആറന്മുള, ജോൺ മമ്മരപ്പള്ളി എന്നിവർ പ്രസംഗിച്ചു.

## ഭാരവാഹികൾ

കണ്ണൂർ: ഐ.പി.സി കണ്ണൂർ നോർത്ത് സെന്റർ ഭാരവാഹികളായി പാസ്റ്റർ മോനി ചെന്നിത്തല (പ്രസിഡന്റ്), പാസ്റ്റർ ബിജു തോമസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ.സി ചാക്കോ (സെക്രട്ടറി), ടി.ജെ വർഗീസ് (ജോ.സെക്രട്ടറി), ബിജി സെബാസ്റ്റ്യൻ (ട്രഷറാർ), പാസ്റ്റർ സുനിൽ.ടി (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## പ്രൊഫസി ജനറൽ കൺവൻഷൻ

മാങ്ങാനം: ചർച്ച് ഓഫ് ഗോഡ് ഓഫ് പ്രൊഫസി സൗത്ത് ഇന്ത്യാ റീജിയൺ ഒന്നാമത് ജനറൽ കൺവൻഷൻ ഫെബ്രു.20-22 വരെ മങ്ങാനം ക്രൈസ്തവാശ്രമത്തിൽ നടക്കും. റീജണൽ ഓവർസിയർ പാസ്റ്റർ കെ.പി ജെയ്സൺ ഉദ്ഘാടനം ചെയ്യും. പകലും രാത്രിയുമായി നടക്കുന്ന യോഗങ്ങളിൽ ജോൺസൺ ചാക്കോ,സാമുവൽ രാജു എന്നിവർ പ്രസംഗിക്കും.

## മല്ലപ്പള്ളി സംയുക്ത കൺവൻഷൻ

മല്ലപ്പള്ളി: മല്ലപ്പള്ളി യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ 10-ാമത് വാർഷിക കൺവൻഷൻ ഫെബ്രു.14-17 വരെ മല്ലപ്പള്ളി സുവാർത്താ സെന്ററിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ റ്റി.വി പോത്തൻ ഉദ്ഘാടനം ചെയ്യും.

## ആയൂർ കൺവൻഷൻ

ആയൂർ: ഐ.പി.സി ആയൂർ സെന്റർ 23-ാമത് കൺവൻഷൻ, ഫെബ്രു.21-24 വരെ ഓടനാവട്ടം എ.കെ.എസ് ഓഡിറ്റോറിയത്തിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യും.


# IPC HEBRON BIBLE COLLEGE (PG)

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ കേരളാ സ്റ്റേറ്റിൽ ശുശ്രൂഷകന്മാരാകുവാൻ താൽപ്പര്യവും സമർപ്പണവുമുള്ള സുവിശേഷകർക്ക് വേണ്ടി നടത്തുന്ന ഹെബ്രോൻ ബൈബിൾ കോളജ് (പി.ജി) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ഐ.പി.സി.അംഗീകരിച്ച ഏതെങ്കിലും ബൈബിൾ കോളജിൽ വിജയകരമായി പഠനം പൂർത്തീകരിച്ചവർ ആയിരിക്കണം.

അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ഹെബ്രോൻ ബൈബിൾ കോളജ് പി.ജി.ഓഫീസിൽ നിന്നും ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും ബന്ധപ്പെടുക.

**Bro.K.T. Joshua,**
**Administrative Manager,**
**I.P.C.Hebron Bible College PG**
**Hebronpuram, Kumbanad.**
**Ph: 9947222655**

## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939





## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# ഐ.പി.സിയിലെ പാനൽ തിരഞ്ഞെടുപ്പ് മാറ്റാൻ ഇതാ ഒരു മാർഗ്ഗം



ഐ. പി.സി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചിലത് കൂടെ പറയാനുണ്ടെന്ന് പറഞ്ഞാണല്ലോ കഴിഞ്ഞലക്കം ഞാൻ അവസാനിപ്പിച്ചത്. ഐ.പി.സിയിലെ ഇന്നത്തെ പാനൽ തിരിഞ്ഞുള്ള തിരഞ്ഞെടുപ്പും സഭയെ രണ്ടു ചേരിയാക്കി മാറ്റുന്ന രാഷ്ട്രീയ കളികളും അവസാനിപ്പിക്കുവാൻ ഞാനൊരു നിർദ്ദേശം മുമ്പോട്ടു വയ്ക്കട്ടെ.

അതിലേക്ക് വരുന്നതിന് മുമ്പ് ഒരു കാര്യം കൂടെ പറയട്ടെ. ഒരു കൺവൻഷൻ സീസൺ അവസാനിക്കുകയാണല്ലോ. എടുത്തുപറയത്തക്ക പുതുമയുള്ള പ്രസംഗമൊന്നും എങ്ങും കേട്ടില്ല. പുതിയ പ്രസംഗകരും ഇല്ല. ബഹറിനിൽ ഡോക്ടറായ മാത്യു ജോർജ് തിരുവല്ലയിൽ പ്രസംഗിച്ചു. വ്യത്യസ്തമായ ചിന്തകൾ കൊണ്ട് സമ്പന്നമായിരുന്നു. ഏഴംകുളം സാംകുട്ടി ചർച്ച് ഓഫ് ഗോഡ് വേദിയിലെത്തിയതും അദ്ദേഹത്തിന് മുഖ്യപ്രസംഗകനായി ശനിയാഴ്ച ദിവസം അവസരം നൽകിയതും ശ്രദ്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രത്യേകതയൊന്നുമില്ലെങ്കിലും വ്യത്യസ്തമായ അനുഭവമായി ജനമത് ഏറ്റെടുത്തെന്ന് വ്യക്തമാക്കുന്നതായിരുന്നു ജനക്കൂട്ടത്തിന്റെ പ്രതികരണം. കുമ്പനാട് എന്തെങ്കിലും ചലനം സൃഷ്ടിച്ചത് പ്രതാപ് സിംഗിന്റെ പ്രസംഗമാണ്. മറ്റെല്ലാം പതിവ് പാത്രത്തിലെ പഴയ വിഭവങ്ങൾ.

ഇനിയൊരു രഹസ്യം പറയാം എനിക്കേറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഏതെന്ന് ചോദിച്ചാൽ 'പഴം കഞ്ഞി' എന്ന് പറയുന്നതിൽ എനിക്ക് മടിയില്ല. തലേ ദിവസത്തെ ചോറ് വെള്ളത്തിലിട്ടതിൽ അൽപ്പം മോരും മീൻ കറിയുടെ ചാറും ഒഴിച്ച് എരിവ് പോരെങ്കിൽ ഒരു പച്ചമുളക് ചെറിയ ചുവന്നുള്ളി ചേർത്ത് ഞെരടി കുടിക്കുന്നതിന്റെ സുഖം.... ഇത്രയും എഴുതിയപ്പോഴേക്ക് വായിൽ കപ്പലോടിക്കാനുള്ള വെള്ളം വരുന്നു.

പക്ഷെ എന്തു ചെയ്യാം വണ്ണംവെച്ച് ചീർത്തുവരുന്നതിനാൽ പ്ലൻസി ഈ രസക്കൂട്ട് മാസത്തിൽ ഒന്നോ രണ്ടോ തവണ റേഷനാക്കി ചുരുക്കിയിരിക്കയാ.

നമ്മുടെ പഴയ പ്രസംഗകർ നൂറ്റൊന്നാവർത്തിച്ച പഴംകഞ്ഞി വീണ്ടും വീണ്ടും വിളമ്പുന്നു. ജനമത് സ്വാദോടെ വാരിവലിച്ച് തിന്ന് ഏമ്പക്കം വിട്ടെഴുന്നേൽക്കുന്നു. നല്ലതാണെങ്കിലും രുചിയുണ്ടെങ്കിലും ഈ പഴംകഞ്ഞി കുടിച്ച് ജനം ചീർത്തു വരികയാണെന്ന് പറയാതെവയ്യ.

ഈ അടുത്ത കാലം വരെ പ്രസംഗം കേട്ട് ജനം ആത്മാവിലാകുന്നതും അന്യഭാഷ പറയുന്നതുമൊക്കെയാണ് ഇഷ്ടപ്പെടുന്നതിന്റെ മാനദണ്ഡമായി പരിഗണിച്ചിരുന്നത്. ജനത്തെ ഇളക്കാനുള്ള പൊടിക്കൈകൾ നന്നായി പ്രയോഗിക്കുന്ന മുൻനിര പ്രസംഗകരെ എനിക്കറിയാം. ഇപ്പോൾ പക്ഷേ പ്രസംഗകർ ജനത്തിന്റെ കയ്യടി വാങ്ങാനുള്ള ശ്രമത്തിലാണെന്ന് തോന്നുന്നു. മാറിവരുന്ന കാലത്തിനനുസരിച്ച് പ്രസംഗകരും പുതിയ രീതികൾ കണ്ടെത്തുന്നു. ജനം കയ്യടിക്കാൻ എന്തു പറയണമെന്നാണ് ഇപ്പോൾ പലരുടേയും ഗവേഷണമെന്ന് തോന്നുന്നു. കുമ്പനാട്ടും ഇത്തരം ചില പ്രസംഗകരെ കണ്ടു.

ഈ പ്രസംഗകർ ഇപ്പോൾ സഭയുടെ തിരഞ്ഞെടുപ്പിനെതിരായാണ് പ്രസംഗിക്കുന്നത്. സഭാ നേതാക്കൾക്കെതിരെയും തിരഞ്ഞെടുപ്പിനെതിരെയും പാനലിനെതിരെയുമൊക്കെ പ്രസംഗിച്ച് കയ്യടി നേടുന്നത് പതിവാക്കിയ പ്രസംഗകരുണ്ട്. ശക്തമായ ഒരു ആത്മപ്രേരണയുണ്ടായിട്ട് സഭയിലെ രാഷ്ട്രീയ കളികൾക്കെതിരെ രൂക്ഷമായി വിമർശിക്കാൻ പ്രസംഗകർക്ക് അവകാശമുണ്ട്. അവർ അത് ഉപയോഗിക്കുകയും വേണം. എന്നാൽ കയ്യടി നേടാൻ വേണ്ടി സുവിശേഷം പ്രസംഗിക്കാൻ കിട്ടുന്ന എല്ലാ വേദിയിലും സഭയുടെ തിരഞ്ഞെടുപ്പിനെതിരെ പ്രസംഗിച്ച് കയ്യടി നേടുന്നത് ഒട്ടും ആശാസ്യമല്ല. ഒരു ലോക്കൽ സഭയോ സെന്ററോ കഷ്ടപ്പെട്ട് പണം പിരിച്ച് പരസ്യം നൽകി ആളെക്കൂട്ടി മുൻപിൽ തരുമ്പോൾ മൈക്ക് കയ്യിൽ കിട്ടിയെന്ന് വിചാരിച്ച് വായിൽ തോന്നുന്നതെല്ലാം വിളിച്ച് പറഞ്ഞ് മിടുക്കരാകുന്നവരോട് ചില ചോദ്യങ്ങൾ.

എന്തുകൊണ്ട് നിങ്ങൾ പ്രതികരിക്കേണ്ടുന്ന വേദികളിൽ ഈക്കാര്യം തുറന്നുപറയുന്നില്ല? സുവിശേഷയോഗങ്ങളിൽ വരുന്ന ജനം സഭാ ഭരണക്കാർക്കെതിരെ നിങ്ങൾ നടത്തുന്ന അക്രോശം കേൾക്കാൻ വേണ്ടിയാണോ വരുന്നത്. നിങ്ങളുടെ പ്രസംഗം കേട്ടാൽ സഭ മുഴുവൻ നാശത്തിലേയ്ക്കാണ് പോകുന്നതെന്ന ധാരണയല്ലെ പൊതുജനത്തിന് ലഭിക്കുക.

എന്റെ പ്രധാന ചോദ്യം ഇതാണ് സഭയുടെ തിരഞ്ഞെടുപ്പ് രീതിയോടും തിരഞ്ഞെടുപ്പിനോടും എതിർപ്പ് പറയുന്നത് മനസിലാക്കാം. നമ്മുടെ രീതികൾ മാറേണ്ടതുണ്ട് ഞാനും സമ്മതിക്കുന്നു. എന്നാൽ എന്ത് മാറ്റമാണ് നിങ്ങൾക്ക് നിർദ്ദേശിക്കാനുള്ളത്? എങ്ങനെ നമുക്ക് പാനലുകളെ ഒഴിവാക്കാം, എങ്ങനെ കുറേക്കൂടെ സുതാര്യമായും പണത്തിന്റെ സ്വാധീനം കുറച്ചും സഭാ നേതൃത്വത്തെ തിരഞ്ഞെടുക്കാൻ പറ്റും? ഇതിനൊക്കെയുള്ള പ്രായോഗിക നിർദ്ദേശം അത് പറയേണ്ട വേദിയിൽ അറിയിക്കേണ്ടവരെ അറിയിക്കണം. അല്ലാതെ സുവിശേഷം പ്രസംഗിക്കാൻ കിട്ടുന്ന വേദിയിൽ കയറി നിന്ന് കയ്യടി വാങ്ങാൻ സഭയെ ദുഷിച്ചു പറയുന്നവരെ ജനം തിരിച്ചറിയും, തിരിച്ചറിയണം.

ഇനി എനിക്ക് മുൻപോട്ടു വയ്ക്കുവാനുള്ള നിർദ്ദേശം. ഐ.പി.സിക്ക് പാസ്റ്റർ ജേക്കബ് ജോണിനേയും പാസ്റ്റർ വത്സൻ ഏബ്രഹാമിനേയും വേണം. പത്തോ നൂറോ വോട്ടിന്റെ വ്യത്യാസത്തിൽ തോറ്റു പോകുന്നയാൾ വനവാസത്തിന് പോകണമെന്ന് പറയുന്നത് ശരിയല്ല. നേരിയ വ്യത്യാസത്തിന് രണ്ടാമതായിപ്പോകുന്നവർക്ക് കൂടെ അവസരം ലഭിക്കത്തക്ക ഒരു സംവിധാനമാണ് ഞാൻ നിർദ്ദേശിക്കുന്നത്.

ഇപ്പോഴത്തെ രീതിയിൽ കൗൺസിൽ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നത് മുൻഗണനാ ക്രമത്തിലാണ്. ഏറ്റവും കൂടുതൽ വോട്ടു കിട്ടുന്നവർ അവരോഹണ ക്രമത്തിൽ തിരഞ്ഞെടുക്കപ്പെടുന്നു. ഇതേ രീതി എക്സിക്യൂട്ടീവിന്റെ കാര്യത്തിലും വരുത്തിയാൽ പാനൽ സംവിധാനം ഒരു പരിധി വരെ ഇല്ലാതെയാക്കാൻ സാധിക്കും.

വിശദീകരിക്കാം. കൗൺസിൽ അംഗത്വത്തിനു വേണ്ടി സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച് തിരഞ്ഞെടുപ്പിനെ നേരിടുന്ന സ്ഥാനാർത്ഥികളിൽ കൂടുതൽ വോട്ടു വാങ്ങി ഒന്നാമതെത്തുന്ന ആളെ പ്രസിഡന്റ് പദവിയിലും രണ്ടാം സ്ഥാനത്തെത്തുന്ന ആളെ ജനറൽ സെക്രട്ടറിയായും മൂന്നാമത്തെയാളെ വൈസ് പ്രസിഡന്റായും നിയമിക്കുക. ഇങ്ങനെ ഔദ്യോഗിക സ്ഥാനങ്ങൾ കഴിഞ്ഞാൽ ബാക്കിയുള്ളവരിൽ നിന്ന് മുൻഗണനാ ക്രമമനുസരിച്ചുള്ളവർ കൗൺസിൽ അംഗങ്ങളായി മാറട്ടെ.

ഈ രീതിയുടെ ഏറ്റവും വലിയ ഗുണം എക്സിക്യൂട്ടിവിലേക്ക്, പ്രസിഡന്റോ സെക്രട്ടറിയോ ആകാൻ നേരിട്ടുള്ള മത്സരം ഒഴിവാകും. അതോടെ പാനൽ രൂപീകരണം നടക്കാതെ പോകും. ഇനി ആരെങ്കിലും പാനൽ ഉണ്ടാക്കിയാലും എക്സിക്യൂട്ടിവിന്റെ കാര്യത്തിൽ പാനൽ പ്രയോജനപ്പെടുകയില്ല. കാരണം ഒന്നാം സ്ഥാനത്തെത്തുന്നയാൾ പ്രസിഡന്റും രണ്ടാമൻ സെക്രട്ടറിയും മൂന്നാമൻ വൈസ് പ്രസിഡന്റും നാലാമൻ ജോസെക്രട്ടറിയുമാകുന്ന സാഹചര്യത്തിൽ പാനലുണ്ടാക്കി നേതൃത്വം കൊടുക്കാൻ ഇവർ തയ്യാറാകില്ല എന്നതാണ് ഈ രീതിയുടെ മെച്ചം. അതോടൊപ്പം മികച്ച ജനപിന്തുണയുള്ള ഒരാൾ ജയിക്കുകയും മറ്റൊരാൾ ഭരണത്തിൽ നിന്ന് പുറത്താകുകയും ചെയ്യുന്നത് ഒഴിവാകും.

ഇത് എന്റെ ഐഡിയ അല്ല. കോൺഗ്രസിന്റെ പുതിയ നേതാവ് രാഹുൽ ഗാന്ധി കോൺഗ്രസിലെ ഗ്രൂപ്പ് വഴക്കുകൾ അവസാനിപ്പിക്കുവാൻ അവതരിപ്പിച്ച പദ്ധതിയാണ്. അങ്ങനെ നടന്ന ആദ്യ സംസ്ഥാന കെ.എസ്.യു തിരഞ്ഞെടുപ്പിലാണ് എന്റെ നാട്ടുകാരനും പെന്തെക്കോസ്തുകാരനുമായ വി.എസ് ജോയ് സംസ്ഥാന പ്രസിഡന്റായത്.

ഈ രീതി വരുമ്പോൾ കൂടുതൽ വോട്ടു പിടിക്കാൻ കഴിവുള്ള പുതുമുഖങ്ങൾ പോലും സഭയുടെ എക്സിക്യൂട്ടീവിൽ എത്താൻ സാധ്യതയുണ്ടെന്ന് തോന്നാം. എന്നാൽ അത്തരമൊരു സാധ്യത ഒഴിവാക്കുവാൻ ഓരോ എക്സിക്യൂട്ടീവ് പദവിക്കും നിശ്ചിത മാനദണ്ഡങ്ങൾ നേരത്തെ നിശ്ചയിക്കണം. പ്രായം, ശുശ്രൂഷാ പരിചയം തുടങ്ങിയ എല്ലാ മാനദണ്ഡങ്ങളും ഉള്ളവരിൽ ഏറ്റവും കൂടുതൽ വോട്ടു നേടുന്നവർ ആകട്ടെ എക്സിക്യൂട്ടീവിൽ വരുന്നത്. നിശ്ചിത യോഗ്യത ഇല്ലാത്തവർ വോട്ട് കൂടുതൽ നേടിയാലും അംഗമായി മാത്രം ഇരിക്കട്ടെ.

കേരളത്തെ റവന്യൂ ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലോ മേഖല തിരിച്ചോ മണ്ഡലങ്ങളാക്കണമെന്ന് നേരത്തെ വന്ന നിർദ്ദേശത്തെയും ഞാൻ പിൻതുണക്കുന്നു.

ഏതായാലും സഭയുടെ ഇന്നത്തെ തിരഞ്ഞെടുപ്പ് രീതികൾ അടിയന്തരമായി പരിഷ്കരിക്കേണ്ടതുണ്ട്. പുതിയ നേതാക്കൾ വിചാരിച്ചാൽ വളരെ പെട്ടന്ന് മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും.

പിന്നെ ഇലക്ഷനു തൊട്ടുമുൻപുള്ള മൂന്നു ദിവസം എല്ലാ സ്ഥാനാർത്ഥികളും ഭക്ഷണം ഉപേക്ഷിച്ച് ഉപവസിച്ച് പ്രാർത്ഥിച്ച ശേഷം വേണം തിരഞ്ഞെടുപ്പിനെ നേരിടാൻ - കുറഞ്ഞ പക്ഷം മൂന്നു ദിവസം ഉപവസിക്കാൻ കഴിയാത്തവരൊന്നും സഭാഭരണത്തിനിറങ്ങി തിരിക്കാതിരിക്കുന്നതല്ലേ നല്ലത്. നമ്മുടെ പുതിയ പ്രസിഡന്റ് ഉപവാസ പ്രാർത്ഥനയിൽ വിശ്വാസമുള്ള ആളാകയാൽ ഈ നിർദ്ദേശത്തിന് അദ്ദേഹത്തിന്റെ പിന്തുണ കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

പുനർവായന



ബാബു ജോൺ വേട്ടമല

# കാര്യങ്ങളുടെ സമാപ്തി

അന്ത്യകാല സംഭവങ്ങളുടെ ചരിത്രപരവും വേദപുസ്തകപരവുമായ നിജസ്ഥിതി അനാവരണം ചെയ്തുകൊണ്ട് ചില മാസങ്ങളായി എഴുതിക്കൊണ്ടിരിക്കുന്ന പരമ്പര ഇതോടു കൂടി അവസാനിക്കുകയാണ്. അന്ത്യകാലപ്രവചനങ്ങളുമായി ബന്ധപ്പെട്ട പതിറ്റാണ്ടുകളായി പെന്തെക്കോസ്തു ലോകം പാടിനടക്കുന്ന കാര്യങ്ങളിലെ കഴമ്പില്ലായ്മ ഇതിനോടകം വായനക്കാർക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞുവെന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ ലക്കങ്ങളിൽ എഴുതിയ കാര്യങ്ങളുടെ സംക്ഷിപ്തമാണ് ഈ ലേഖനം.

ദൈവത്തിന്റെ ഉദാത്തമായ പദ്ധതികൾ നിറവേറുന്നതിന് തൊട്ടുമുമ്പ് അതിന് സമാനമായ പദ്ധതികൾ ആവഷ്ക്കരിച്ചുകൊണ്ട് ജനശ്രദ്ധയെ തെറ്റിക്കുകയും സ്വയം തത്ഫലമായി ദൈവിക പദ്ധതികൾ മനുഷ്യന് അപ്രാപ്യവും അന്യവും ആക്കുകയെന്നുള്ളത് സാത്താന്റെ എക്കാലത്തെയും പ്രവർത്തന പദ്ധതിയാണ്. ഇത് നാം മറന്നുപോകരുത്.

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ നിവർത്തിയാകാറായപ്പോഴേക്കും യിസ്രായേൽ ജനം ക്രിസ്തുവിനു വേണ്ടി കാത്തിരിക്കുന്നതുകണ്ട് ദുഷ്ടനായ സാത്താൻ "താൻ ക്രിസ്തുവാണ്" എന്നു പറഞ്ഞ് അനേകരെ എഴുന്നേൽപ്പിച്ചു. ഇത് ജനത്തെ ആശയക്കുഴപ്പത്തിലാക്കിയതിനാൽ അനേകർക്ക് ക്രിസ്തുവിനെ തിരിച്ചറിയുവാൻ കഴിയാതെ പോയി.

ഇതു പോലെ അത്ഭുതങ്ങളാലും അടയാളങ്ങളാലും വീര്യപ്രവർത്തികളാലും ദൈവം തന്റെ ദാസന്മാരുടെ ശുശ്രൂഷയെ സ്ഥിരീകരിക്കുന്നിടത്തൊക്കെ സമാനമായ അത്ഭുതങ്ങൾ കാണിച്ച് സാത്താനും തന്റെ ആളുകളെക്കൊണ്ട് ജനത്തെ ആശയക്കുഴപ്പത്തിലാക്കുന്നത് മിസ്രയീം മുതൽ നാം കണ്ടു വരുന്നതാണ്. ഇതുകൊണ്ടാണ് സാത്താന്റെ തന്ത്രങ്ങളെക്കുറിച്ച് നാം അറിവില്ലാത്തവരായിരിക്കരുതെന്ന് വേദപുസ്തകം പറയുന്നത്.

അന്ത്യകാല സംഭവങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നത് വേദപുസ്തകത്തിലെ അതിപ്രധാനമായ പ്രവചന ഭാഗങ്ങളാണ്. യേശുക്രിസ്തുവിന്റെ രഹസ്യവരവും, സഭയുടെ ഉത്പ്രാപണവും, ഭൂമിയിലെ മഹോദ്രവകാലവും, എതിർക്രിസ്തുവിന്റെ ഭരണവും, സ്വർഗ്ഗത്തിൽ എടുക്കപ്പെട്ട സഭയുടെ പ്രതിഫല വിഭജനവും കുഞ്ഞാടിന്റെ കല്യാണവും, മണിയറവാസവും, ക്രിസ്തു രാജാവാകുന്നതും, തന്റെ മഹത്വ പ്രത്യക്ഷതയും, എതിർക്രിസ്തുവിന്റെ ഉന്മൂലനവും, ഭക്തികെട്ട ലോകത്തിന്റെ ന്യായവിധിയും, ആയിരം ആണ്ടു വാഴ്ചയും, ഈ ഭൂമി തീയ്ക്ക് ഇരയാകുന്നതും, വെള്ള സിംഹാസനവും, അന്ത്യന്യായ വിധിയും, പുതുവാന ഭൂമിയും, പുതിയ യെരുശലേമും, തുടർന്ന് ആരംഭിക്കുന്ന നിത്യതയും എന്നുള്ള വിഷയങ്ങൾ അതിപ്രധാനമായ പ്രവചന ഭാഗങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട ലോകസംഭവങ്ങൾ എല്ലാംതന്നെ അവ സംഭവിക്കുന്നതിന് മുമ്പുതന്നെ ദൈവം തന്റെ പ്രവാചകന്മാരിൽക്കൂടി വിശുദ്ധവേദപുസ്തകത്തിൽ എഴുതിവച്ചിട്ടുണ്ട്. അതുകൊണ്ട് ചരിത്രത്തിന്റെ ഗതി നോക്കിയേ അന്ത്യകാല പ്രവചനങ്ങൾ വ്യാഖ്യാനിക്കാവൂ. യേശുക്രിസ്തുവിന്റെ ആയിരമാണ്ട് വാഴ്ചക്ക് മുമ്പ് ഈ ലോകത്തിൽ "എതിർക്രിസ്തുവിന്റെ ഭരണം ഉണ്ടാകും. ഇത് അന്തിക്രിസ്തുവിന്റെ ഭരണമല്ല, ഈ രണ്ടു പദപ്രയോഗങ്ങളും തമ്മിലുള്ള വ്യത്യാസം വളരെ പ്രധാനപ്പെട്ടതാണ്. സാത്താന്റെ ജഡാവതാരമാണ് എതിർക്രിസ്തു. അവൻ ക്രിസ്തുവല്ല; ക്രിസ്തുവിനോട് എതിർത്തു നില്ക്കുന്നവനാണ്. താൻ ക്രിസ്തുവാണെന്ന് പറഞ്ഞ് ഉപായരൂപേണ അവൻ ലോക നേതൃത്വത്തിലേക്ക് വരും. അതിശയമാംവണ്ണം അത്ഭുതങ്ങൾ പ്രവർത്തിച്ച് ലോകത്തിന്റെ ഒരു വലിയ ഭാഗം അവന്റെ അധികാരത്തിൻകീഴിലാക്കും. ലോകം മുഴുവൻ എതിർക്രിസ്തുവിന്റെ ഭരണത്തിൻകീഴിൽ ആകുകയില്ല. അതിന് അവന് കഴിയുകയില്ല. അവൻ ലോകം മുഴുവൻ ഭരിക്കുമെന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ല. ഇത് നമ്മുടെ പാസ്റ്റർമാരുടെ ഭാവനയാണ്.

എതിർക്രിസ്തുവിനെ ലോകത്തു കൊണ്ടു വരുന്ന രാഷ്ട്രീയ സംഖ്യത്തെപ്പറ്റി വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. സാമ്യഭാഷയിൽ ഇതിനെ പത്തു കൊമ്പും ഏഴു തലയുമുള്ള മൃഗമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഇതു വായിച്ച നമ്മുടെ അഭിനവ പ്രവചന വ്യാഖ്യാതാക്കൾ പത്തു രാജ്യങ്ങൾ കൂടി വരുന്നതെല്ലാം എതിർക്രിസ്തുവിന്റെ രംഗപ്രവേശനത്തിനുള്ള കളമൊരുക്കമായി വ്യാഖ്യാനിച്ചു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ യൂറോപ്യൻ രാജ്യങ്ങൾ ഒരു സഖ്യകക്ഷിയായി മാറുവാൻ തുടങ്ങിയതോടെ ഈ വ്യാഖ്യാനങ്ങൾ ശക്തി പ്രാപിച്ചു. പത്ത് അയൽരാജ്യങ്ങളുള്ള യൂറോപ്യൻ സമൂഹവും, അവയിലൊന്നായ ഏഴു മലകളുടെ മേൽ സ്ഥാപിച്ചിരിക്കുന്ന റോമാ നഗരവും ഒരുമിച്ചു വരുമ്പോൾ പത്തു കൊമ്പും ഏഴു തലയുമുള്ള മൃഗം - അതായത് എതിർക്രിസ്തുവിന്റെ രാഷ്ട്രീയ സഖ്യം-നമ്മുടെ ദൃഷ്ടിയിൽ വ്യക്തമായി. ഇത്തരം വ്യാഖ്യാനവുമായി നാളുകളായി അരങ്ങു തകർക്കുന്ന പാസ്റ്റർമാരോട് എനിക്ക് ഒന്നേ പറയുവാനുള്ളൂ. നിങ്ങൾ നിങ്ങളെത്തന്നെയും, നിങ്ങളുടെ പ്രസംഗം കേൾക്കുന്ന സാധാരണ ജനത്തെയും വഞ്ചിക്കുകയാണ്. വചനത്തിലും ചരിത്രത്തിലും തെളിവില്ലാത്ത കാര്യങ്ങൾ നമുക്ക് വിശ്വസിക്കുവാനും പഠിപ്പിക്കുവാനും പാടില്ല.

യൂറോപ്പ് ഇന്ന് തകർച്ചയിലാണ്. ഒരു ലോകശക്തിയായി അതിനി ഒരിക്കലും വളർന്നുവരികയില്ല. യൂറോപ്യൻ യൂണിയൻ ശിഥിലീകരണത്തിന്റെ വക്കിലാണ്. ലോകരാജ്യങ്ങളുടെമേൽ ഭരണമേൽക്കോയ്മ ഇനി യൂറോപ്യൻ യൂണിയന് ഉണ്ടാകുകയില്ല. ഈ വസ്തുത മനസ്സിലാക്കി ഉപദേശിമാർ തങ്ങളുടെ പ്രസംഗങ്ങൾ തിരുത്തണം. ഏഴു തലയുള്ള മൃഗത്തിന്റെ തല ഏഴും ഏഴു മല എന്ന് പറഞ്ഞിരിക്കുന്നിടത്ത് 'മല' എന്നത് അക്ഷരീകമായ മല അല്ല. ഇത് റോമിനെ കുറിക്കുന്നതുമല്ല. യോഹന്നാൻ ഇതിനെക്കുറിച്ച് പറയുമ്പോൾ റോമിന് ഏഴ് മലകളുണ്ട്. എന്നാൽ മൃഗത്തിന്റെ അഞ്ചു തലകൾ വീണു പോയി എന്നാണ് പറഞ്ഞിരിക്കുന്നത്. റോമിൽ നിന്ന് പോപ്പ് എതിർക്രിസ്തുവായി വരുമെന്ന് കെ.ഇ.ഏബ്രഹാം തുടങ്ങിയുള്ള പെന്തെക്കോസ്തുകാരുടെ പ്രവചന വ്യാഖ്യാനം തെറ്റാണ്.

ചരിത്ര വസ്തുതകളും വേദപുസ്തക പ്രവചനങ്ങളും ഒരു പോലെ വിളിച്ചറിയിക്കുന്നത് ഇനിയും ലോകത്ത് പ്രബലമാകുവാനിരിക്കുന്ന രാഷ്ട്രീയ ശക്തി ഇസ്ലാമിന്റെ ആണ് എന്നതാണ്. യൂറോപ്യൻ ഭൂഖണ്ഡത്തിൽ ഇസ്ലാം ഇന്ന് ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ഇസ്ലാമിക് ബ്രദർഹുഡ് ഇന്ന് രാജ്യങ്ങൾ ഓരോന്നായി പിടിച്ചടക്കിക്കൊണ്ടിരിക്കുകയാണ്. അവരുടെ ആഗോള നേതാവായിരിക്കും എതിർക്രിസ്തു. ഇതിന് വർത്തമാന കാല സംഭവങ്ങളും, ലോകചരിത്രവും, വേദപുസ്തക പ്രവചനങ്ങളും സാക്ഷിക്കുകയാണ്. ഈ എതിർക്രിസ്തുവിനെ തോല്പിച്ചുകൊണ്ട് കുഞ്ഞാടിന്റെ ഭരണം ആരംഭിക്കും. കുഞ്ഞാടിന്റെ വിശുദ്ധന്മാർ ലോകത്തെ ഭരിക്കും.



# 90-ാം വയസ്സിലും വിശ്വാസ തീഷ്ണതയോടെ.. വിതുര അമ്മച്ചി

തിരുവനന്തപുരം പട്ടണത്തിന്റെ സമീപ പഞ്ചായത്തുകളിലുള്ള പെന്തെക്കോസ്തുകാരുടെ ഇടയിൽ സുപരിചിതമായ നാമമാണ് വിതുര അമ്മച്ചി എന്നറിയപ്പെടുന്ന തങ്കമ്മ വർക്കി. 1970 ൽ എരുമേലി കനകപ്പാലത്തു നിന്നും അദ്ധ്യപകനായ ഭർത്താവ് മണ്ണിൽ ഈപ്പൻ വർക്കിയോടൊപ്പം തിരുവനന്തപുരം വിതുരയിൽ എത്തിച്ചേർന്നു. അന്നുമുതൽ 2009 വരെയുള്ള നാലുപതിറ്റാണ്ടുകാലം കർത്താവിന്റെ വേലയിൽ വിതുര അമ്മച്ചി സജീവമായിരുന്നു. ഇപ്പോൾ നാലുവർഷമായി തിരുവനന്തപുരം മണ്ണന്തലയിൽ നാലാമത്തെ മകൾ സൂസനോടും അവരുടെ ഭർത്താവ് പാസ്റ്റർ ജെ. എസ് ബഞ്ചമിനോടുമൊപ്പം വിശ്രമജീവിതം നയിക്കുന്നു.

**പാസ്റ്റർ വി.എം ജോർജ്ജ്**

പാസ്റ്റർ കെ.സി തോമസിന്റെ നേതൃത്വത്തിലുള്ള പേരൂർക്കട ഫെയ്ത്ത് സെന്ററിന്റെ ആരംഭത്തിൽ ആ സഭക്ക് ആത്മാക്കളെ നേടാൻ ധാരാളം പ്രവർത്തിച്ചു. ശ്രീകാര്യം ഐ.പി.സി തുടങ്ങുമ്പോൾ ആത്മാക്കളെ നേടാൻ സഭാ ശുശ്രൂഷകനോടൊപ്പം യത്നിച്ചു. പരുത്തിപ്പാറ, പോത്തൻകോട് തുടങ്ങി ഐ.പി.സി യുടെ നിരവധി സഭകളുടെ ആരംഭകാല പ്രവർത്തയായിരുന്നു. ശ്രീകാര്യം ഐ.പി.സി യിൽ അംഗത്വം ഉണ്ടെങ്കിലും വീട്ടിൽ വിശ്രമിക്കാൻ തുടങ്ങിയതിൽ പിന്നെ ഒരു ഐ.പി.സിക്കാരും ഈ സുവിശേഷകയെ ഒന്നുകാണാൻ ചെന്നിട്ടില്ലെന്ന് മക്കൾ പരാതി പറഞ്ഞു. ഐ.പി.സിക്ക് വേണ്ടി ഇത്രയും കഷ്ടത അനുഭവിച്ച ത്യാഗപൂർണ്ണമായ പ്രവർത്തനം കാഴ്ചവെച്ചവർ തിരുവനന്തപുരം ജില്ലയിൽ തന്നെ ആരും കാണുകയില്ല.

ഒരിക്കൽ കരിയത്ത് ഒരു ലേഡീസ് മീറ്റിംഗിൽ പ്രസംഗിച്ച ശേഷം ശ്രീകാര്യം ചർച്ചിലെത്തി. അന്നത്തെ ദിവസം ആഹാരം ഒന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല. യാത്രാക്ഷീണവും വിശപ്പും തളർത്തിയ ശരീരവുമായി അവിടെ ഉണ്ടായിരുന്ന ബഞ്ചിൽക്കിടന്ന് ഉറങ്ങിപ്പോയി. രാത്രി അതുവഴി കടന്നുപോയ മണി എന്നയാൾ ഹാളിന് പുറത്ത് ബഞ്ചിൽ കിടന്നുറങ്ങുന്ന സ്ത്രീയെക്കണ്ട് വിളിച്ചെഴുന്നേൽപ്പിച്ച് കാര്യമന്വേഷിച്ചു. ആഹാരം കഴിക്കാതെ തളർന്നുറങ്ങിപ്പോയതാണെന്നറിഞ്ഞ മണി വീട്ടിൽ പോയി കഞ്ഞികൊണ്ട് വന്ന് കൊടുത്തു. പിന്നീട് ഈ മണി കുടുംബമായി രക്ഷിക്കപ്പെട്ടു.

87 വർഷങ്ങൾക്ക് മുൻപ് 6-ാം വയസ്സിൽ മാരാമൺ കൺവൻഷനിൽ കുട്ടികളുടെ ഒരു മീറ്റിംഗിൽ തങ്കമ്മ പങ്കെടുത്തു. 'അറയിൽ കടന്ന് കതകടച്ചാൽ യേശുവിനെ കാണാം' എന്ന് അവിടെവച്ച് ഗ്രഹിച്ചു. വീട്ടിൽ വന്നു അറക്കകത്ത് കയറി കതകടച്ചു. തങ്കമ്മയെ കാണാതെ വീട്ടുകാർ അന്വേഷണമാരംഭിച്ചു. മൂന്നാം ദിവസം ആളെക്കണ്ടു കിട്ടി. അപ്പോൾ അറക്കകത്ത് വലിയ വെളിച്ചം ഉണ്ടായിരുന്നു. പിന്നെ മുഴുവൻ സമയവും പാട്ടും പ്രാർത്ഥനയും തന്നെ. ഈ തൊണ്ണൂറ്റിമൂന്നാം വയസിലും അത് തുടരുന്നു. അഞ്ചാം ക്ലാസ് വരെ പഠനം സ്കൂളിൽ. തുടർന്നുള്ള പഠനം വീട്ടിൽ 15-ാം വയസിൽ വിവാഹം. മല്ലപ്പള്ളി മണ്ണിൽ ഈപ്പൻ വർക്കിയായിരുന്നു ഭർത്താവ്. ആറ് മക്കൾ. മൂന്ന് ആണും മൂന്ന് പെണ്ണും

ഇവർ കുടുംബമായി എരുമേലിയിൽ ആയിരിക്കുമ്പോൾ ഏകദേശം 1955-ലാണ് സ്നാനമേറ്റത്. സ്നാനപ്പെട്ടപ്പോൾ പള്ളിയിൽ നിന്നും പുറത്താക്കി. കനകപ്പാലത്ത് ടി.പി.എം പ്രവർത്തനം ആരംഭിച്ചത് ഇവരുടെ വീട്ടിലായിരുന്നു.

പ്രായാധിക്യം ശരീരബലത്തെ ക്ഷീണിപ്പിക്കുകയും കണ്ണിന്റെ കാഴ്ചക്ക് മങ്ങലേൽപ്പിക്കുകയും ചെയ്തെങ്കിലും വിശ്വസ തീഷ്ണതക്ക് അൽപ്പവും മങ്ങലേൽക്കാത്ത വിതുര അമ്മച്ചി ഇപ്പോഴും സഭായോഗങ്ങൾ മുടക്കാറില്ല. എല്ലാ യോഗങ്ങളിലും പാട്ടുപാടി സാക്ഷ്യം പറയും.

മക്കൾ: എം.വി ഈപ്പൻ (യു.കെ), അന്നമ്മ ജോൺ (ഇളമ്പൽ ചർച്ച് ഓഫ് ഗോഡ്), വത്സമ്മ ജോൺ (യു.എസ്.എ), സൂസൻ ബഞ്ചമിൻ (പി.ജി.എം ചർച്ച്, തിരുവനന്തപുരം), ഏബ്രഹാം വർക്കി (ചേലക്കൊമ്പ്), സാംകുട്ടി (ഗുജറാത്ത്)

---

**ബൈബിൾ സ്റ്റഡി**

# നല്ല ഇടയന്റെ സഹ ഇടയന്മാർ



**പാസ്റ്റർ വർഗീസ് മാത്യു മേലുകാവ്**

"ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (യോഹ.10:11). "ഞാൻ ആകുന്നു" എന്ന് നാലുവിധ നിലയിൽ യേശുക്രിസ്തു ഈ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നു.

1. ഞാൻ ജീവന്റെ അപ്പം ആകുന്നു (യോഹ.6:35)

2. ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (8:12)

3. ഞാൻ വാതിൽ ആകുന്നു (10:9)

4. ഞാൻ നല്ല ഇടയൻ ആകുന്നു

യഹൂദാ മതത്തിന്റെ അധികാര ചെങ്കോലേന്തി ആടുകളെ ദൈവത്തിൽ നിന്നും വഴിതെറ്റിച്ച് ചിതറിച്ചുകളയുന്ന കള്ള ഇടയന്മാർക്കുള്ള ഒരു താക്കീതായിട്ടാണ് "ഞാൻ നല്ല ഇടയൻ ആകുന്നു" എന്ന യേശുവിന്റെ പ്രഖ്യാപനം. അവർ മോഷ്ടാക്കളും വെറും കൂലി ഇടയന്മാരുമാണെന്ന് ഈ അദ്ധ്യായത്തിൽ യേശു വെളിപ്പെടുത്തുന്നു.

1. ക്രിസ്തുവിന് തന്റെ ഇടയദൗത്യത്തിൽ സുദൃഢമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. "ആടുകൾക്ക് വേണ്ടി തന്റെ ജീവനെ കൊടുക്കുക" (എബ്രായർ 10:4).

ഒരു ശുശ്രൂഷകൻ എന്ന നിലയിൽ ഒരു സ്ഥലത്തേക്ക് നിയോഗിക്കപ്പെടുമ്പോൾ, അവിടെയുള്ള ചില വർഷങ്ങളിൽ നാം എന്തു നേടണം എന്നതിനെപ്പറ്റി വ്യക്തവും ദൃഢവുമായ ലക്ഷ്യമുണ്ടായിരിക്കണം.

ലക്ഷ്യമില്ലാത്ത പ്രവർത്തനം റഡാർ ഇല്ലാതെ ഒഴുകുന്ന കപ്പലിന് സമമാണ്. എങ്ങോട്ടാണ് പോകുന്നതെന്ന് ഉറപ്പില്ല. ഒഴുക്കിനനുസരിച്ച് നീങ്ങിക്കൊണ്ടിരിക്കും. നാം ഇടുന്ന ഷർട്ടിന്റെ ബട്ടണുകൾ കുടുക്കുമായി ബന്ധിക്കുമ്പോൾ മാത്രമേ ബട്ടൺ പിടിപ്പിച്ചതിന്റെ അർത്ഥം നിറവേറുകയുള്ളു. നാം നമ്മുടെ ജീവിതലക്ഷ്യവുമായി ബന്ധിക്കപ്പെടുമ്പോൾ മാത്രമേ നമ്മുടെ ജീവിതം അർത്ഥപൂർണ്ണവും താളാത്മകവുമാകയുള്ളു.

**ലക്ഷ്യബോധം ഉളവാക്കുന്ന രണ്ട് ഫലങ്ങൾ:**

1. ആവേശം: എടുത്തുചാടി ചിലതൊക്കെ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ് ആവേശം. ലക്ഷ്യത്തിലേക്ക് നയിക്കുന്നത് നമ്മിലുളവാകുന്ന ആവേശമാണ്.

കേരളത്തിൽ നഴ്സുമാർ നടത്തിയ അവകാശ സമരത്തിനിടെ രണ്ടു നേഴ്സുമാർ ബഹുനിലകെട്ടിടത്തിന് മുകളിൽ കയറി ആത്മഹത്യാ ഭീഷണി മുഴക്കിയത് നാം കണ്ടു. അവരുടെ ആവേശമാണ് ഇതിനവരെ പ്രേരിപ്പിച്ചത്. ജനങ്ങളെയും പോലീസിനെയും മന്ത്രിമാരെയുമെല്ലാം തങ്ങളിലേക്കാകർഷിച്ച്, ലക്ഷ്യപ്രാപ്തി നേടി.

സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജിക്ക് വേണ്ടി മരിക്കുവാൻ ധാരാളം ആളുകൾ തയ്യാറായി. ഗാന്ധിജിയുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ മറ്റുള്ളവർക്ക് തന്നോടുണ്ടായ ബഹുമാനവും ആവേശവുമാണ് ഇതിന് കാരണം. ഒരു ശുശ്രൂഷകൻ വ്യക്തമായ ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ അനുയായികളും, സൗകര്യങ്ങളും എല്ലാം താനെ ഉണ്ടാകും.

**2. കഠിനാദ്ധ്വാനം: യഥാർത്ഥ ലക്ഷ്യവുമായി ഘടിപ്പിക്കപ്പെട്ടതാണ് കഠിനാദ്ധ്വാനം.**

തോമസ് ആൽവാ എഡിസൺ ഇലക്ട്രിക് ബൾബ് കണ്ടു പിടിക്കുവാൻ അയ്യായിരം പരീക്ഷണങ്ങൾ നടത്തി. തന്റെ സ്നേഹിതന്റെ മീശ പോലും ഫിലമെന്റിനായി പരീക്ഷിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. സ്റ്റോറേജ് ബാറ്ററി കണ്ടുപിടിക്കുവാൻ 2500 ടെസ്റ്റുകൾ നടത്തി;ഈ കഠിനമായ അദ്ധ്വാന ഫലങ്ങളാണ് ഇന്നും മനുഷ്യർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

തങ്ങളുടെ ശുശ്രൂഷയിൽ ലക്ഷ്യബോധത്തോടെ കഠിനാദ്ധ്വാനികളായിരുന്ന ശുശ്രൂഷകന്മാരാലുണ്ടായ അനേകം സഭകളുടെ ഗുണം ഇന്നനുഭവിക്കുന്നത് മടിയന്മാരായ ശുശ്രൂഷകന്മാരാണ്. കഠിനാദ്ധ്വാനികൾക്ക് സ്ഥലംമാറ്റ സമയത്ത് ഒരു സഭ കിട്ടാതെ പോകുകയില്ല.

2) ഇടയന്റെ വടിയും കോലും (സങ്കീ.23:4)

ഇടയന്റെ കയ്യിലുള്ള കോലിന് പല ഉപയോഗങ്ങളാണുള്ളത്. പ്രധാനമായി കൂരിരുളിന്റെ സമയങ്ങളിൽ ആടുകൾക്ക് തന്റെ സാമീപ്യം അറിയുവാൻ കോൽ സഹായിക്കുന്നു. ആടുകൾ മേഞ്ഞുകൊണ്ടിരുന്ന മലഞ്ചരുവിലെ പുൽപ്പുറങ്ങളിൽ നിന്ന് അടുത്ത മലഞ്ചരുവിലേക്ക് പോകുമ്പോൾ ഇടയിലുള്ള താഴ്വരകൾ താണ്ടേതായിട്ടുണ്ട്. താഴ്വരകൾ പലപ്പോഴും കീഴ്ക്കാതൂക്കായതും ഇരുളുകൾ നിറഞ്ഞതുമാണ്. ഇരുട്ടു കൂടുമ്പോൾ ആടുകൾ ഇടയനോട് തൊട്ടുരുമ്മി നടക്കും. ഇരുട്ടിൽ ആടുകൾക്ക് ഇടയനെ കാണുവാൻ പറ്റില്ല. ഈ അവസരത്തിൽ ഇടയന്റെ കയ്യിലെ കോല് വട്ടം കറക്കി ഇടയന്റെ ചുറ്റുമുള്ള ആടുകളെ തൊട്ടുകൊണ്ടിരിക്കും. കോലിന്റെ സ്പർശനം ആടുകൾക്ക് ഇടയന്റെ സാമീപ്യം ഗ്രഹിപ്പിക്കുന്നു.

നമ്മുടെ ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിൽ നല്ല ഇടയനായ ക്രിസ്തു തന്റെ ആത്മസ്പർശനത്താൽ തന്റെ സാന്നിദ്ധ്യം ഗ്രഹിപ്പിക്കുന്നു.

**3) ഇടയന്റെ വടി:**

അടിമത്വത്തിലായിരുന്ന യിസ്രായേൽ ജനത്തിന്റെ വിമോചനത്തിന് മോശയെ ദൈവം നിയോഗിക്കുമ്പോൾ അടയാളങ്ങൾ പ്രവർത്തിക്കേണ്ടതിന് ഈ വടിയും നിന്റെ കയ്യിൽ എടുത്തുകൊൾക (പുറപ്പാട് 4:17) എന്ന് ദൈവം കല്പിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും നടത്തുവാനുള്ള ദൈവിക അധികാരത്തിന്റെ അടയാളമാണ് ഈ വടി.

പുതിയ നിയമത്തിലും ഈ അധികാരം തുടരുന്നു. "പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു." (ലൂക്കോസ്.10:19). ഈ അധികാരത്തിന്റെ വടി ഇല്ലാതെ ഇനിയും ശുശ്രൂഷയിൽ ജയിക്കുക സാദ്ധ്യമല്ല.

മൂന്നുവിധ നിയോഗമാണ് കർത്താവ് ശിഷ്യന്മാർക്ക് കൊടുത്തത്

1. സുവിശേഷം പ്രസംഗിക്കുക 2) രോഗികളെ സൗഖ്യമാക്കുക 3) ഭൂതങ്ങളെ പുറത്താക്കുക; (മത്തായി 10:1-8); മർക്കോസ് 16:15-17) സുവിശേഷങ്ങളിൽ യേശുക്രിസ്തു തന്ന പ്രവർത്തന ശൈലി അപ്പൊസ്തലന്മാരും പകർത്തുന്നത് അപ്പൊസ്തലപ്രവർത്തിയിൽ കാണാം.

ദൈവരാജ്യത്തിന്റെ സന്ദേശം വിളംബരം ചെയ്യുകയാണ് സുവിശേഷീകരണം. പ്രസംഗത്തിൽ ഭൂതങ്ങൾ വിട്ടുപോകുന്നെങ്കിൽ ദൈവരാജ്യത്തിന്റെ ശക്തി വെളിപ്പെടുന്നു എന്നർത്ഥം. "ദൈവത്തിന്റെ ശക്തി കൊണ്ട് ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം." (ലൂക്കോസ് 11:20)

**അധികാര കൈമാറ്റം:**

ഈ അധികാരം ആദ്യം പിതാവായ ദൈവം തന്റെ പുത്രന് കൊടുക്കുന്നു. (മത്തായി 28:18; മർക്കോ. 1:12). പിന്നീട് യേശുക്രിസ്തു പന്ത്രണ്ട് ശിഷ്യന്മാർക്ക് നൽകുന്നു. (മത്തായി 10:1; മർക്കോസ് 6:7). തുടർന്ന് യേശുക്രിസ്തു എഴുപത് ശിഷ്യന്മാർക്ക് കൊടുക്കുന്നു. (ലൂക്കോസ് 10:1,19). വീണ്ടും എല്ലാ വിശ്വാസികൾക്കും ഈ അധികാരം നൽകുന്നു (മർക്കോസ് 16:17)

**അധികാരം രണ്ടു വിധം:**

**സ്ഥാനീയ അധികാരം:**

എഴുപത് ശിഷ്യന്മാർ യേശുവിന്റെ അടുത്തു വന്ന് "കർത്താവേ നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങുന്നു" എന്നു പറഞ്ഞപ്പോൾ ".....നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിൽ അത്രേ സന്തോഷിപ്പിൻ" എന്ന് പറഞ്ഞു. സ്വർഗ്ഗത്തിലിരുത്തപ്പെട്ടു എന്ന ദൈവദത്തമായ അവസ്ഥയിലാണ് നാം സന്തോഷിക്കേണ്ടത്. നമ്മുടെ പേർ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടു. അതിനാലാണ് പിശാച് നമ്മെ അനുസരിക്കുന്നത്. (ലൂക്കോസ് 10:18-20). നമ്മൾ ഇപ്പോൾ ക്രിസ്തുവിന്റെ സ്ഥാനാപതികളാണ്. ആയതിനാൽ ശത്രു നമ്മുടെ മുമ്പിൽ കീഴടങ്ങിയേ മതിയാവൂ (22കൊരി.5:20)

**കീഴ്വഴങ്ങലിലുള്ള അധികാരം**

സ്ഥാനീയ അധികാരം പ്രായോഗികമാകുന്നത് ക്രിസ്തുവിന്റെ അധികാരത്തിന് നമ്മെ കീഴ്പ്പെടുത്തി കൊടുക്കുമ്പോഴാണ്. ഇതിന് നല്ല ഉദാഹരണമാണ് "ഞാനും അധികാരത്തിൻകീഴിലുള്ള മനുഷ്യൻ" എന്ന് പറഞ്ഞ ശതാധിപന്റെ അനുഭവം (മത്തായി 8:8,9)

യേശുക്രിസ്തു പിതാവിനെ പൂർണ്ണമായി അനുസരിച്ചപ്പോൾ പിശാചുക്കളും യേശുവിനെ പൂർണ്ണമായി അനുസരിച്ചു. നാമും ദൈവത്തെ പൂർണ്ണമായി അനുസരിച്ചാൽ പിശാചുക്കളും, രോഗങ്ങളും നമ്മെ പൂർണ്ണമായി അനുസരിക്കും. നിങ്ങളുടെ അനുസരണം പരക്കെ എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നു.....സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴെ ചതച്ചു കളയും (റോമർ 16:19,20)

ആകയാൽ ദൈവത്തിന് കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നില്പിൻ...എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.(യാക്കോബ് 5:7)

## ഗ്രാജുവേഷൻ

കോട്ടയം: ഐ.പി.സി തിയോളജിക്കൽ സെമിനാരിയുടെ പത്താമത് ഗ്രാജുവേഷൻ സർവ്വീസ് ഫെബ്രു.15ന് സെമിനാരിയിൽ നടക്കും. വേൾഡ് വിഷൻ ഡയറക്ടർ ജയകുമാർ ക്രിസ്റ്റ്യൻ സമ്മേളനത്തിൽ മുഖ്യ സന്ദേശം നൽകും. ബി.റ്റിഎച്ച്, എം.ഡിവ്, റെഗുലർ & ഡിസ്റ്റന്റ് വിഭാഗങ്ങളിലായി പഠനം പൂർത്തീകരിച്ച 52 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ.എബി പീറ്റർ സർട്ടിഫിക്കറ്റുകൾ നൽകും.


**കുവൈറ്റിലേക്ക് ഹൗസ് മെയ്ഡിന് ആവശ്യമുണ്ട്**

30-നും 50നും ഇടയിൽ പ്രായമുള്ള സ്ത്രീകളെ കുവൈറ്റിലേക്ക് ഹൗസ് മെയ്ഡായി ജോലിക്ക് ആവശ്യമുണ്ട്. കുഞ്ഞിനെ നോക്കാൻ കഴിവും താത്പര്യവും ഉള്ളവരായിരിക്കണം. പെന്തെക്കോസ്ത് വിശ്വാസികളും, പാസ്പോർട്ടുള്ളവരും, കുറഞ്ഞത് രണ്ടു വർഷം നില്ക്കുവാൻ താത്പര്യമുള്ളവരും ബന്ധപ്പെടുക:

**ഫോൺ: 0468-2201893, 9447572533**




# 8th DOLVAN CONVENTION

## ഉത്തരേന്ത്യയിലെ ക്രിസ്തീയ ഉണർവ്വിന് അവിസ്മരണീയ അദ്ധ്യായമായി ഡോൾവൻ കൺവൻഷൻ


*പാസ്റ്റർ സജി മാത്യു*
*ഫെലോഷിപ്പ് ആശ്രാം*
*സഭാ സ്ഥാപകൻ*


*പാസ്റ്റർ തോമസ് ജോർജ് മുല്ലക്കൽ*


*പാസ്റ്റർ സുധീർ കുറുപ്പ്*


*പാസ്റ്റർ ആമോസ് സിങ്*


*തിങ്ങി നിറഞ്ഞ കൺവൻഷൻ പന്തൽ*

പാർശ്വവത്ക്കരിക്കപ്പെട്ട ജാതി സമൂഹങ്ങളുടെ സംഗമമെന്നോ ആദിവാസി സഹോദരങ്ങളുടെ അടങ്ങാത്ത ആത്മദാഹമെന്നോ വിശേഷിപ്പിക്കാവുന്ന 8-ാമത് ഡോൾവൻ കൺവൻഷൻ സമാപിച്ചു. ഗുജറാത്തിലെ താപ്പി ജില്ലയിലുള്ള ഡോൾവനിൽ വച്ച് നടത്തപ്പെടുന്ന ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ വാർഷിക കൺവൻഷനാണ് ഡോൾവൻ കൺവൻഷൻ എന്ന പേരിലറിയപ്പെടുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പ്രത്യേകിച്ചും ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ആശ്ചര്യപൂർണ്ണമായ ക്രിസ്തീയ വളർച്ചക്ക് നേതൃത്വം കൊടുക്കുന്ന ഈ മിഷൻ സംഘടന പരമ്പരാഗത ക്രൈസ്തവ പ്രസ്ഥാനങ്ങളിൽ നിന്നും വേറിട്ട ശബ്ദമാണ്.

ഫെബ്രുവരി 7 മുതൽ 10 വരെ നടന്ന 8-ാമത്കൺവൻഷൻ ജനപങ്കാളിത്തം കൊണ്ടും അഭൂതപൂർവ്വമായ ആത്മീയ അനുഭവം കൊണ്ടും പുതിയ ചരിത്രം കുറിച്ചു. ഡയറക്ടർ പാസ്റ്റർ സജി മാത്യു കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ട്രാക്ടറും, ജീപ്പും, ബസും തുടങ്ങിയ മോട്ടോർ വാഹനങ്ങളും കാളവണ്ടി പോലുള്ള പരമ്പരാഗത ഗതാഗത മാർഗ്ഗങ്ങളും ഉപയോഗിച്ച് 7-ാം തീയതി രാവിലെ മുതൽ ജനങ്ങൾ ഗ്രൗണ്ടിലേക്ക് ഒഴുകിയെത്തിക്കൊണ്ടിരുന്നു. നിരവധി കിലോമീറ്ററുകൾ കൈക്കുഞ്ഞുങ്ങളുമായി എത്തിയ സഹോദരിമാരും വൃദ്ധരും വേറിട്ട കാഴ്ചയായി.



*സഭാ സ്ഥാപകൻ പാസ്റ്റർ സജി മാത്യു ഉദ്ഘാടനം നിർവഹിക്കുന്നു.*

വർണ്ണങ്ങളെ വല്ലാതെ സ്നേഹിക്കുന്ന ഈ സഹോദരങ്ങളുടെ വസ്ത്രധാരണം കൺവൻഷന് ഉദ്യാന ഭംഗിയൊരുക്കി. രാത്രിയോഗങ്ങളിൽ ഇരുപത്തയ്യായിരത്തിൽപ്പരം ആളുകൾ ഒത്തുചേർന്നിട്ടും ക്രിസ്തീയ സംഗമങ്ങളെ പൊതുവായി ബാധിച്ചിട്ടുള്ള 'ക്രൂസേഡ് മാനി'യയുടെ ലക്ഷണം ലവലേശമില്ലായിരുന്നു. പതിനായിരങ്ങൾ ഒത്തു




*സംഗീതം: അനിൽ കാന്ത് & ശ്രേയാ കാന്ത്*

## വിഷൻ 2013

1. 100 മിഷണറിമാരെ പുതിയ പ്രവർത്തനമേഖലകളിലേക്ക് അയക്കുക.
2. തെരുവുകുട്ടികൾക്കായിട്ടുള്ള സൗജന്യ വിദ്യാഭ്യാസ പദ്ധതി മുംബൈയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക
3. കുറഞ്ഞത് 3000 പുതിയ വിശ്വാസികൾ
4. സിൽവാസയിൽ ആരംഭിച്ചിരിക്കുന്ന ബൈബിൾ കോളജിന്റെയും ഹെഡ്ക്വാർട്ടേഴ്സിന്റെയും നിർമ്മാണപദ്ധതി പൂർത്തിയാക്കുക.
5. ഗ്രാമങ്ങളിലെ FACI സഭകളിൽ നിരന്തര ഉപവാസ പ്രാർത്ഥനകളും വചനപഠനവും ക്രമീകരിക്കുക.


ഡോ.തുഷാർ ഭായ് ചൗധരി (കേന്ദ്ര മന്ത്രി)


ശ്രീ.പുനാജി ഗാമിത് എം.എൽ.എ. (വ്യാരാ)


ജാക്സൺ കുര്യൻ


പാസ്റ്റർ ആഷ്‌ലി ഏബ്രഹാം


പാസ്റ്റർ ജയേഷ് ചൗധരി


സിസ്റ്റർ മിനി കുര്യൻ


സിസ്റ്റർ ജാനറ്റ് സജി

ചേർന്നാലും ചിട്ടയായ ബൈബിൾ പഠനവും ആത്മീയ ശിക്ഷണവും സാദ്ധ്യമാകും എന്നതിനും ഡോൾവൻ കൺവൻഷൻ ഉദാഹരണമായി. അതിശയോക്തിയിൽ ചാലിച്ച സാക്ഷ്യങ്ങൾ ഇല്ലായിരുന്നു എങ്കിലും യഥാർത്ഥ വിടുതലുകളുടെ അനുഭവങ്ങൾ വിവിധ ഗ്രാമങ്ങളിൽ നിന്ന് എത്തിക്കൊണ്ടിരിക്കുന്നു. "സൗഖ്യം പ്രാപിച്ച പാപി" യേക്കാൾ "നിത്യജീവൻ പ്രാപിച്ച രോഗി"ക്ക് പ്രാധാന്യം നൽകിയ കൺവൻഷൻ നൂറുകണക്കിനാളുകളുടെ യഥാർത്ഥ മാനസാന്തരത്തിന് സാക്ഷിയായി.

കൺവൻഷൻ ഗ്രൗണ്ടിന് വെളിയിൽ അണിനിരക്കുന്ന ചായക്കടകളും കളിപ്പാട്ട വില്പ്പനക്കാരും ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ വിൽക്കുന്നവരും ഉത്സവപ്രതീതി സൃഷ്ടിച്ചു. കൂടിവരുന്ന എല്ലാവർക്കും ഭക്ഷണമൊരുക്കുന്നതും കൺവൻഷന്റെ പ്രത്യേകതയാണ്. വലിയ പാത്രങ്ങളിൽ ചോറുണ്ടാക്കി കുന്നു പോലെ കൂട്ടിയിട്ടിരിക്കുന്നത് നയനമോഹനമാണെങ്കിലും ലക്ഷങ്ങൾ ചിലവാക്കി ആളുകൾക്ക് ഭക്ഷണം ഒരുക്കുന്നതിന് പിന്നിലെ കഠിനാദ്ധ്വാനം പ്രശംസനീയമാണ്.

പാസ്റ്റർ ആമോസ് സിംഗ് മുഖ്യ പ്രഭാഷകനായിരുന്ന കൺവൻഷനിൽ പാസ്റ്റർ സുധീർ കുറുപ്പ്, പാസ്റ്റർ തോമസ് ജോർജ്ജ്, പാസ്റ്റർ ആഷ്‌ലി, ബ്രദർ ജസ്‌വിൻ തുടങ്ങിയവരും വിവിധ സെഷനുകളിൽ ദൈവവചനം സംസാരിച്ചു. സുപ്രസിദ്ധ ക്രിസ്തീയ ഗായകൻ പാസ്റ്റർ അനിൽ കാന്തിന്റെയും പുത്രി ശ്രേയാ കാന്തിന്റെയും ഗാനങ്ങൾ ജനം നൃത്തച്ചുവടുകളോടെ സ്വീകരിച്ചു. ഫെലോഷിപ്പ് ബാൻഡും പാസ്റ്റർ റെനി തോമസും ആത്മീയ ആരാധനക്ക് നേതൃത്വം നൽകി. യുവജനങ്ങൾക്കായും സഹോദരന്മാർക്കായും വിവിധ സെഷനുകൾ ക്രമീകരിച്ചിരുന്നു. ശനിയാഴ്ച നടന്ന ഫെലോഷിപ്പ് ആശ്രം തിയോളജിക്കൽ കോളജിന്റെ 9-ാമത് ഗ്രാജുവേഷൻ കൺവൻഷന് മാറ്റു കൂട്ടി. 19 വിദ്യാർത്ഥികൾ ഗ്രാജുവേറ്റു ചെയ്ത് ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ തന്നെ മിഷൻ പ്രവർത്തനങ്ങൾക്കായി കടന്നു പോയി.

ഞായറാഴ്ച നടന്ന പൊതുസഭാ യോഗവും കർതൃമേശയോടുകൂടി 8-ാമത് ഡോൾവൻ കൺവൻഷന് തിരശ്ശീല വീണു. ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ വൈസ് പ്രസിഡന്റ് പാസ്റ്റർ രമേഷ് ഭായി ചൗധരി കർതൃമേശക്ക് നേതൃത്വം നൽകി. കൺവൻഷൻ ഗ്രൗണ്ട് വിട്ടു പിരിയുവാൻ കഴിയാത്ത ആത്മനിർവൃതിയിലായിരുന്നു പങ്കെടുത്ത ഏല്ലാവരും. ഹൃദയത്തിന്റെ ആഴത്തിൽ പതിഞ്ഞ ദൈവവചനത്തിന്റെ ശക്തിയും ആത്മിയ ആരാധനയിൽ പകർന്നുകിട്ടിയ പുതിയ അഭിഷേകവും അടുത്ത കൺവൻഷനുള്ള ആകാംഷ വിശ്വാസികളിൽ നിറച്ചിരുന്നു. ഉണർവ്വിന്റെ അടങ്ങാത്ത അഗ്നിജ്വാലയായി തഴയപ്പെട്ട സമൂഹങ്ങളുടെ ആത്മിയ-സാമൂഹിക മുന്നേറ്റത്തിന്റെ പ്രതീകമായി ശക്തമായി മുന്നേറിക്കൊണ്ടിരിക്കുന്ന ഡോൾവൻ കൺവൻഷന് ഇനി ഒരു വർഷത്തെ ഇടവേള. കർത്താവിന്റെ വരവ് താമസിച്ചാൽ വീണ്ടും അടുത്ത ഫെബ്രുവരിയിൽ 13-14 വരെയുള്ള ദിവസങ്ങളിൽ കാണാമെന്ന പ്രതീക്ഷയിൽ ജനങ്ങൾ പരസ്പരം ആലിംഗനം ചെയ്ത് ഡോൾവനോട് വിട പറഞ്ഞു. ബ്രദർ ജാക്സൺ എം.കുര്യന്റെ നേതൃത്വത്തിലുള്ള സംഘാടകസമിതി കുറ്റമറ്റ രീതിയിൽ പ്രവർത്തിച്ചു.

കൺവൻഷന്റെ സമാപന സമ്മേളനത്തിൽ 80 വയസിലധികം പ്രായം ചെന്ന (31) വൃദ്ധജനങ്ങളെ ആദരിച്ച ചടങ്ങ് ഹൃദ്യമായ അനുഭവമായി മാറി. പൊന്നാട അണിയിച്ചും ധനസഹായം നൽകിയും സമൂഹത്തിലെ അപ്രധാന കഥാപാത്രങ്ങളായ ഇവരെ ആദരിച്ചപ്പോൾ പല മാതാക്കളും പാസ്റ്റർ സജി മാത്യുവിനെ കെട്ടിപ്പുണർന്ന് ഏറെ നേരം കരഞ്ഞത് ഏവരേയും ഈറനണിയിച്ചു. അനാഥരാക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ എണ്ണം കൂടി വരുന്ന സമൂഹത്തിൽ ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ കാണിച്ച മാതൃക ശ്ലാഘനീയമാണ്.


പാസ്റ്റർ റെനി തോമസും ഫെലോഷിപ് ആശ്രം ഗായകസംഘവും


ഫെലോഷിപ്പ് ബൈബിൾ കോളജ് ഗ്രാജുവേഷൻ മാർച്ച്


ഗ്രാജുവേറ്റ് ചെയ്ത വിദ്യാർത്ഥികൾ അദ്ധ്യാപകരോടുകൂടെ



സഭയിലെ സീനിയർ സഹോദരിമാരെ ആദരിക്കൽ



തിരുവത്താഴ ശുശ്രൂഷ

ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ ബോർഡ് മെമ്പറും മുംബൈ-കൊങ്കൺ മിഷൻ ഡയറക്ടറുമായ പാസ്റ്റർ തോമസ് ജോർജ്ജ് മിഷന്റെ പ്രമോഷണൽ ആവശ്യങ്ങൾക്കായി യു.കെയും, യു.എസ്.എയും സന്ദർശിക്കുന്നു. ഫെബ്രുവരി 15 മുതൽ മാർച്ച് 14 വരെ യു.കെയിലും മാർച്ച് 16 മുതൽ മെയ് 30 വരെ യു.എസ്.എയിലും അദ്ദേഹം വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കും. ഉത്തരേന്ത്യൻ മിഷനിൽ പങ്കാളികളാകുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.

**UK: 07735402649, 07809624310, USA: 9724834752**
**thomasmullackal@hotmail.com**


ഭക്ഷണവിതരണം

## ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ ഒറ്റനോട്ടത്തിൽ

ഗുജറാത്തിലും മഹാരാഷ്ട്രയിലും കേന്ദ്രഭരണ പ്രദേശങ്ങളായ ദാദ്ര നഗർഹവേലി, ഡിയു ഡാമൻ എന്നിവിടങ്ങളിലും വ്യാപിച്ചുകിടക്കുന്ന വിശാലമായ പ്രവർത്തനമേഖല FACI -യ്ക്കുണ്ട്. ഈ പ്രദേശങ്ങളിൽ 200 ഗ്രാമസഭകളും, ചിൽഡ്രൻസ് ഹോമും, ഇംഗ്ലീഷ് മീഡിയം സ്കൂളുകളും, ബൈബിൾ കോളജും, തെരുവ് സ്കൂളുകളും തുടങ്ങി വിവിധോന്മുഖങ്ങളായ പ്രവർത്തനങ്ങൾ FACI ചെയ്തുകൊണ്ടിരിക്കുന്നു. അതിശക്തമായ സാമൂഹിക-ആത്മിയ പരിവർത്തനങ്ങളെ ലക്ഷ്യമാക്കി FACI-യുടെഎല്ലാ പ്രവർത്തകരും സദാ സമയം കർമ്മനിരതരാണ്.

**Contact us: Phone: 09925310969, 09427575896**
**email: sajivapi@yahoo.com website:feaministry.org**

## വേദിയിൽ കേട്ടത്:

### ശ്രീ.പുനാജി ഭായി ഗാമിത്
*(എം.എൽ.എ, വ്യാരാ, ഗുജറാത്ത്)*

"ആയിരങ്ങൾ കടന്നുവരുന്ന ഡോൾവനിലെ ഫെലോഷിപ്പ് ആശ്രം നഗറിലെ ജലക്ഷാമം പരിഹരിക്കുവാൻ ഒരു വലിയ വാട്ടർ പ്രൊജക്ട് എന്റെ എം.എൽ.എ. ഫണ്ടിൽ നിന്നും ത്വരിതഗതിയിൽ ചെയ്തു തരുവാൻ ഞാൻ ആഗ്രഹിക്കുന്നു." അദ്ദേഹം ഒരു പെന്തെക്കോസ്തു വിശ്വാസിയും ജനപ്രിയ രാഷ്ട്രീയ നേതാവുമാണ്.

### ശ്രീ.തുഷാർഭായി ചൗധരി
*(യൂണിയൻ മിനിസ്റ്റർ, റോഡ് ട്രാൻസ്പോർട്ട്)*

"എന്റെ ജന്മസ്ഥലമായ ഡോൾവൻ ഗ്രാമത്തെ ലോകപ്രശസ്തിയുടെ നെറുകയിൽ എത്തിച്ചത് ഈ കൺവൻഷനാണ്. ഇതിനോട് ഞാനേറ്റവും കടപ്പെട്ടിരിക്കുന്നു."

### ശ്രീ മഹേഷ്ഭായി ഗാമിത്
*(നവസാരി ജില്ല, ബി.ജെ.പി, പ്രസിഡന്റ്)*

"ആദിവാസി ക്രിസ്ത്യാനികളുടെ ഐക്യം എന്നെ അത്ഭുതപ്പെടുത്തുന്നു. ഇവിടെ കൂടിയിരിക്കുന്ന ഓരോ വിശ്വാസിയും കൂടുതൽ അദ്ധ്വാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്താൽ ആർക്കും തടയാൻ കഴിയാത്ത വലിയ സംഗമമായി ഡോൾവൻ കൺവൻഷൻ വളരും."

### പാസ്റ്റർ തോമസ് ജോർജ്ജ് മുല്ലയ്ക്കൽ

"ദീർഘവർഷങ്ങൾ അമേരിക്കയിൽ താമസിച്ചതിന് ശേഷം അടങ്ങാത്ത സുവിശേഷ ദാഹവുമായി ഉത്തരേന്ത്യയിൽ എത്തിയ ഞാനും കുടുംബവും നിരവധി മിഷൻ സംഘടനകളെ സമീപിച്ചെങ്കിലും സംതൃപ്തരായില്ല. ഈ കാലയളവിലാണ് പാസ്റ്റർ സജി മാത്യുവിനേയും ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയേയും പരിചയപ്പെടുന്നത്. ഞങ്ങളുടെ ജീവിതത്തെ മുഴുവൻ മാറ്റി മറിച്ച സംഭവമായാണ് ഇതിനെ കാണുന്നത്. കൂടുതൽ ആലോചിക്കാതെ അന്നുമുതൽ ഞാനും കുടുംബവും ഈ മിഷനുമായി ചേർന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു."

### പാസ്റ്റർ സുധീർ കുറുപ്പ്

"ഞാൻ വന്നതുപോലെയല്ല തിരിച്ചുപോകുന്നത്. ഒരു വലിയ സന്തോഷം എന്നിൽ വ്യാപരിക്കുന്നു. കൺവൻഷന്റെ മൂന്നു ദിനങ്ങൾ മറക്കുവാൻ കഴിയാത്ത അനുഭവമായി മാറി."

### ബ്രദർ ജസ്‌വിൻ *യുവജനമീറ്റിംഗിൽ പറഞ്ഞത്:*

"ഒരു യഥാർത്ഥ ശിഷ്യന് മാത്രമേ ശക്തനായ ഒരു അപ്പൊസ്തലനോ പ്രവാചകനോ ആയി മാറുവാൻ കഴിയുകയുള്ളൂ."

### ആമോസ് സിംഗ്

ക്യാൻസർ രോഗത്തിൽ നിന്ന് അത്ഭുതരോഗസൗഖ്യം പ്രാപിച്ച ശേഷം നരകത്തിൽ പോകുന്നതിനേക്കാൾ രോഗസൗഖ്യം കിട്ടിയില്ലെങ്കിലും സ്വർഗ്ഗത്തിൽ പോകുന്നതിനാണ് ശ്രമിക്കേണ്ടത്. ഇന്നത്തെ അത്ഭുത രോഗസൗഖ്യ ക്രൂസേഡുകൾ രോഗികൾക്ക് സൗഖ്യം നൽകി നരകത്തിലേക്ക് അയക്കുന്ന പരിപാടിയാണ്.

### ബ്രദർ ജാക്സൺ എം.കുര്യൻ

ഭാരതത്തിൽ ക്രിസ്ത്യാനികൾ എത്ര വളർന്നാലും രണ്ടര ശതമാനം മാത്രമേയുള്ളു എന്നു പറയുവാനാണ് ഗവൺമെന്റിന് താത്പര്യം. നിങ്ങൾ ഭൂമിയുടെ ഉപ്പാണെന്ന് ക്രിസ്തു പറഞ്ഞത് ഇവിടെ അന്വർത്ഥമാകുകയാണ്. ഏത് ഭക്ഷണത്തിനും കുറഞ്ഞ അളവിലാണ് ഉപ്പ് ചേർക്കുന്നതെങ്കിലും അത് ഭക്ഷണത്തെ സ്വാദിഷ്ടമാക്കുന്നു. കുറഞ്ഞ അളവിൽ മാത്രമേ ക്രിസ്ത്യാനികൾ ഇവിടെയുള്ളെങ്കിലും ക്രിസ്ത്യാനിത്വത്തെ കൂടാതെ ഭാരതം സ്വാദിഷ്ടമാകുകയില്ല.

**വിദേശത്ത് ജോലിക്ക് പോകുന്നവരുടെ എല്ലാ CERTIFICATESസും ATTESTATION / APOSTILLE ചെയ്യുന്നതിന് ബന്ധപ്പെടുക**

**TRAWELLDAY IN TOURS & TRAVELS**
M.G. Road, Cochin - 15, Kerala.
Ph: 0484-6455636, 6005646, 2357007 Email: trawellday.cochin@gmail.com

**ADVANCE BOOKING STARTED 2013**



MBBS, BDS, PHARM.D. ENGG.,
BBA -AVIATION , SPEECH & HEARING
RESPIRATORY THERAPY, RENAL DIALYSIS
PERFUSION TECHNOLOGY
POLY TECHNIC, PC BSC NURSING,
MSC NURSING

ഇന്ത്യയിലെ പ്രശസ്തമായ കോളേജുകളിൽ വളരെ മിതമായ ഫീസിൽ അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും കരിയർ കൗൺസിലിംഗിനും അഡ്മിഷനും ബന്ധപ്പെടുക.

വിശ്വാസികളാൽ നടത്തപ്പെടുന്ന വിശ്വസ്ത സ്ഥാപനം.

Call @ 9947963438 9847170530

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION
1st Floor, Amprayil Bldgs, YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

## സഭാ ഹാൾ ഉദ്ഘാടനം




വടക്കുംഞ്ചേരി: ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് വടക്കുംഞ്ചേരി സഭാഹാൾ ഉദ്ഘാടനം ജനു.26ന് നടന്നു. പാലക്കാട് സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.കെ വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ വി.എ തമ്പി ഉദ്ഘാടനം ചെയ്തു. കൗൺസിൽ മിനിസ്റ്റർ പാസ്റ്റർ ടി.എം കുരുവിള മുഖ്യസന്ദേശം നൽകി. പാസ്റ്റർ ഏബ്രഹാം മുണ്ടൂർ സ്വാഗതവും പാസ്റ്റർ ജോൺസൺ കോശിയും നന്ദിയും പറഞ്ഞു.

## സി.ഡി. പ്രകാശനം ചെയ്തു




കുമ്പനാട് : ജീവിത അനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ഗാനത്തിന് ഈണം പകർന്ന സുവി.കോശി തോമസിന്റെ 'ഞാൻ ഏകനല്ല' എന്ന ഓഡിയോ സി.ഡി. ജനുവരി 16 ന് കുമ്പനാട് കൺവൻഷനിൽ പാസ്റ്റർ എം.പി.ജോർജ്ജുകുട്ടി പാസ്റ്റർ കെ.സി. തോമസിന് നൽകി പ്രകാശനം ചെയ്തു. ഇവാ.ജോൺസൻ പി.കെ. സംഗീത സംവിധാനം ചെയ്ത ഈ സി.ഡി.യിൽ കെസ്റ്റർ, ഇമ്മാനുവേൽ, അഞ്ജു, വിൽസ്വരാജ്, അലക്സ്, മന്ന എന്നിവരാണ് പാടിയിരിക്കുന്നത്. വിവരങ്ങൾക്ക് : 9961383962.

## കുന്നംകുളം കൺവൻഷൻ

**കുന്നംകുളം:** കുന്നംകുളത്തെ പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ 31-ാം മത് വാർഷിക കൺവൻഷൻ ജനു.4-6 വരെ നടന്നു. പാസ്റ്റർ എം.ജി ഇമ്മാനുവേൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സി.ജെ സാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കെ.എ ഏബ്രഹാം പ്രസംഗിച്ചു. സാജൻ സി ജേക്കബ് ജന.കൺവീനറായി പ്രവർത്തിച്ചു.

33 വർഷമായി കൊയ്ത്തുകാരെ (മത്തായി 9:37, ലൂക്കോസ് 10:2) പരിശീലിപ്പിക്കുന്ന ഒരു ഉത്തമ സ്ഥാപനം

**പെനിയേൽ ബൈബിൾ സെമിനാരി & മിഷനറി ട്രെയ്നിംഗ് സെന്റർ**
**കീഴില്ലം, എറണാകുളം-683 541, കേരളം**

M.Div., B.Th. & Dip.Th. ARE ACCREDITED BY ASIA THEOLOGICAL ASSOCIATION (ATA)

ഇന്റർവ്യൂന് ക്ഷണിക്കുന്നു. തീയതി: മാർച്ച് 4, 26, ഏപ്രിൽ 9, 23, മെയ് 6

| കോഴ്സുകൾ | വർഷം | യോഗ്യത |
|---|---|---|
| M. Div. (ഇംഗ്ലീഷ്) | 3 | B.A/B.Sc./B.Com./Equivalent |
| M. Div.(ഇംഗ്ലീഷ്) | 2 | B. Th (ATA)/ Equivalent |
| M.B.S. (ഇംഗ്ലീഷ്) | 2 | Able to study in English |
| B. Th. (ഇംഗ്ലീഷ്) | 3 | PDC/PUC/+2 Pass/Dip.Th(ATA) |
| B.B.S. (ഇംഗ്ലീഷ്) | 3 | Able to study in English |
| Dip.Th. (ഇംഗ്ലീഷ് / മലയാളം) | 2/3 | +2 Pass/ Equivalent |
| Dip.B.S. (ഇംഗ്ലീഷ് / മലയാളം) | 3 | Special Candidates |
| Certificate (ഇംഗ്ലീഷ് / മലയാളം) | 1 | |

ക്ലാസ്സുകൾ 2013 മെയിൽ ആരംഭിക്കുന്നു



- വിവാഹിതർക്ക് കുടുംബമായി (കുട്ടികളുള്ളവർക്കും) ഒരുമിച്ച് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം (ഫാമിലി ക്വാർട്ടേഴ്സ്)
- മികച്ച ആത്മീക അന്തരീക്ഷത്തിൽ വേദശാസ്ത്ര പഠനവും പ്രായോഗിക പരിശീലനവും.
- ആത്മീക അനുഭവ സമ്പന്നരും ബിരുദധാരികളുമായ അദ്ധ്യാപകർ.
- വിപുലമായ ലൈബ്രറി സൗകര്യം
- പെനിയേലിലെ പൂർവ്വവിദ്യാർത്ഥികൾ ഐ.പി.സി., എ.ജി., ചർച്ച് ഓഫ് ഗോഡ്, ന്യൂ ഇന്ത്യ ബൈബിൾ ചർച്ച് ആദിയായ സഭാ പ്രവർത്തനങ്ങളിലും ഒ.എം., എച്ച്.എം.ഐ., ട്രൈബൽ മിഷൻ, ക്യാംമ്പസ് ക്രൂസേഡ്, എവരി ഹാം ഫോർ ക്രൈസ്റ്റ്, ഗ്ലോബൽ ഡിസൈപ്പിൾസ് തുടങ്ങിയ മിഷനറി സംഘടനകളിലും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും കർതൃശുശ്രൂഷയിൽ പ്രയോജനപ്പെടുന്നു.
- സഭാവ്യത്യാസം ഇല്ലാതെ അർഹതയുള്ളവർക്ക് വർക്ക് സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം.



പ്രോസ്പെക്റ്റസിനും അപേക്ഷാഫോറത്തിനും 50 രൂപ മണി ഓർഡർ അയയ്ക്കുക.
പെനിയേൽ ബൈബിൾ സെമിനാരി, കീഴില്ലം പി. ഒ., എറണാകുളം-683 541
ഫോൺ- 0484 2653070, 2654775, 09847703939 Email: pbskeezhillam@yahoo.com

വഴി വിവരം: മൂവാറ്റുപുഴ-പെരുമ്പാവൂർ K.S.R.T.C.റൂട്ടിൽ (എം.സി.റോഡ്) കീഴില്ലം മെയിൻ കനാൽ സ്റ്റോപ്പ്

*മറ്റു ശുശ്രൂഷകൾ :* • പെനിയേൽ അക്കാഡമി (CBSE) • പെനിയേൽ ചിൽഡ്രൽസ്ഹോം • ഗുഡ്ന്യൂസ്കൺവൻഷൻ • പെനിയേൽ വോയ്സ് • ഫിലിം മിനിസ്ട്രി

## ഡോക്ടറേറ്റ് ലഭിച്ചു



**കുമളി:** അമരാവതി പാസ്റ്റർ കെ.എം ഏബ്രഹാമിന്റെയും എൽസമ്മ ദമ്പതികളുടെ മകനും ശാലേം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറും, ശാലേം മിനിസ്ട്രീസിന്റെ ഇന്റർനാഷണൽ പ്രൊമോട്ടറും, എഴുത്തുകാരനും, പ്രഭാഷകനുമായ ഇവാ.കെ.എ മാത്യു കൽക്കട്ട ഇന്റർനാഷൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്ട്സ് & തിയോളജിയിൽ നിന്നും റിലിജിയൻ ആന്റ് ഫിലോസഫിയിൽ പി.എച്ച്ഡി ലഭിച്ചു.



കുവൈറ്റ് ഗൾഫ് ഇന്ത്യൻ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ പ്രശസ്ത വിജയം നേടിയ ജോഷ്വാസണ്ണി, ജോഫിയസണ്ണി എന്നിവർ മെഡലുകളുമായി. കുവൈറ്റ് ക്രിസ്ത്യൻ ഫെലോഷിപ്പ് സഭയുടെ പാസ്റ്റർ വി.എം സണ്ണിയുടെ മക്കളാണ്. കുവൈറ്റിലെ ഇന്റർസ്കൂൾ മീറ്റിൽ ഇവർ ഗൾഫ് ഇന്ത്യൻ സ്കൂളിനെ പ്രതിനിധീകരിച്ചു.

## പെന്തെക്കോസ്ത് വി.ബി.എസ്. ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

കുമ്പനാട്: അവധിക്കാലത്ത് പാട്ടും കഥകളും കളികളുമായി കുഞ്ഞുങ്ങളെ ദൈവവചനത്തിലേക്ക് അടുപ്പിക്കാനുള്ള ആത്മാർത്ഥ ശ്രമമാണ് 2007-ൽ ആരംഭിച്ച പെന്തെക്കോസ്ത് വി.ബി.എസിന്റേതെന്ന് കൺവീനർ പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ അറിയിച്ചു. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് ഏറ്റവും മികവുറ്റ വി.ബി.എസ്സായി ഐ.പി.സിയിലെ സൺഡേസ്കൂൾ അസോസിയേഷന്റെ ചുമതലയിൽ നടക്കുന്ന പെന്തെക്കോസ്ത് വി.ബി.എസ്. മാറിക്കഴിഞ്ഞു.

ഏപ്രിൽ-മെയ് മാസങ്ങളിലായി കേരളത്തിലെ എല്ലാ ജില്ലകളിലും ക്രമീകൃതമായ നിലയിൽ നൂറുകണക്കിന് വി.ബി.എസുകൾ സംഘടിപ്പിക്കുവാനുള്ള പ്രാരംഭ ക്രമീകരണങ്ങൾ ആയിക്കഴിഞ്ഞു. 'ശക്തരാകുക' എന്നതാണ് ഈ വർഷത്തെ തീം. വി.ബി.എസ്. നടത്തുന്നവർക്ക് വേണ്ടിയുള്ള മാസ്റ്റർ ട്രെയിനിംഗ് ഫെബ്രുവരി 24-26 വരെ മാങ്ങാനം ക്രൈസ്തവ ആശ്രമത്തിൽ നടക്കും. നൂറിലധികം പൂർണ്ണസമയ ലീഡേഴ്സിനെ പരിശീലിപ്പിച്ച് വി.ബി.എസ്. നടത്തുവാൻ ചുമതലപ്പെടുത്തുമെന്നും കൺവീനർ അറിയിച്ചു.

വി.ബി.എസ്. ഡയറക്ടർമാർക്ക് മാർച്ച് മാസത്തിൽ തിരുവനന്തപുരത്തും തൃശൂരിലും ദ്വിദിന ട്രെയിനിംഗ് ക്രമീകരിച്ചിട്ടുണ്ട്. 10 സ്ഥലങ്ങളിൽ ഏകദിന ലീഡേഴ്സ് ട്രെയിനിംഗും ക്രമീകരിച്ചിട്ടുണ്ട്.

പാസ്റ്റർ സാംകുട്ടി ജോൺ കൺവീനർ 9495120446 പാസ്റ്റർ അനിൽ കുര്യാക്കോസ്-കോർഡിനേറ്റർ - 9562245237 പാസ്റ്റർ ടി.എ.തോമസ്-സെക്രട്ടറി: 9447866414


UPGRADE YOUR NURSING CAREER TO A HIGHER LEVEL

LAST CHANCE TO ENROLL THIS YEAR

20-ാം നൂറ്റാണ്ടിൽ ലഭിച്ച നേഴ്സിംഗ് പഠനം 21-ാം നൂറ്റാണ്ടിൽ ആരോഗ്യമേഘലയ്ക്ക് ഉതകുന്നില്ല. നിങ്ങൾക്ക് ഒരു പക്ഷേ നഴ്സിംഗിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും, വർഷങ്ങളോളമുള്ള പ്രവർത്തന പരിചയവും ഉണ്ടെങ്കിൽ പോലും ചിലപ്പോൾ നിങ്ങളുടെ സി.വി. പിന്തള്ളപ്പെടാം...

എന്തുകൊണ്ട് നിങ്ങൾ സ്വപ്നം കാണുന്ന ഉന്നത വിദ്യാഭ്യാസ പദവിയിലേക്ക് എത്തിക്കൂടാ...? GNM കഴിഞ്ഞവർക്ക് നേരിട്ട് രണ്ട് വർഷം കൊണ്ട് വളരെ ചുരുങ്ങിയ ചിലവിൽ PC.B.Sc Nursing Degree കരസ്ഥമാക്കാം. B.Sc. Nursing കഴിഞ്ഞവർക്ക് 2 വർഷം കൊണ്ട് Peadiatric, Medical & Surgical, Maternity, Community Health, Psychiatric എന്നീ ശാഖകളിൽ M.Sc. Nursing നേടാം, M.Sc Nursing നേടിയവർക്ക് Research ലൂടെ Nursing Ph.D കരസ്ഥമാക്കാം.

PC.B.Sc. Nursing
M.Sc. Nursing
REGULAR & CORRESPONDENCE
LEAST PACKAGE

FOR COUNSELLING & ADMISSION
98471 43030

DISHAA FOUNDATION
HELPING YOU REACH YOUR DREAM CAREER

2nd Floor, Sangaramangalam Bldg., Tiruvalla
Ph: 0091-469-3250555, 3268555
Email: dishaafoundation@hotmail.com
www.dishaafoundation.com


## ഗുഡ്ന്യൂസ് കൺവൻഷൻ സമാപിച്ചു



കീഴില്ലം: പെനിയേൽ ബൈബിൾ സെമിനാരിയുടെ നേതൃത്വത്തിൽ ഗുഡ്ന്യൂസ് കൺവൻഷൻ ജനു.21-24 വരെ നടന്നു. പാസ്റ്റർ കെ.സി മാത്യൂസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ബാബു ചെറിയാൻ, കെ.എസ് ഏബ്രഹാം, ഡോ.സി.വി വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. ജനുവരി 25ന് പെനിയേൽ ബൈബിൾ സെമിനാരിയുടെ 30-ാമത് ഗ്രാജുവേഷൻ ശുശ്രൂഷ നടന്നു. ഡോ.സി.വി വർഗീസ് അദ്ധ്യക്ഷത വഹിച്ചു. എം.ഡിവ്, ബി.റ്റിഎച്ച്, ഡിപ്.റ്റിഎച്ച് കോഴ്സുകൾ പൂർത്തീകരിച്ച വിദ്യാർത്ഥികളാണ് ഗ്രാജുവേറ്റ് ചെയ്തത്. ഇവാ.ജോൺലി ജോൺ സ്വാഗതവും, പാസ്റ്റർ സാമുവൽ എഡിസൺ നന്ദിയും രേഖപ്പെടുത്തി. മെയ് മാസത്തിൽ പുതിയ വർഷത്തെ ക്ലാസുകളാരംഭിക്കും.


Jesus saves, Jesus heals...

REVIVAL GOSPEL MINISTRIES

President



Pr.Baji T Baby

OUR ACTIVITIES

- Open air meetings
- Charitable activities
- House visiting
- Tract distribution
- Church planting
- Bible Conventions

Vice President



Br.Vinson.K.M
Kuttiyanimattathil

Our worship time: Sunday 10 AM to 1 PMFriday 10 -30 AM to 12-30 PM (fasting prayer)Counseling with prior appointment only

REVIVAL GOSPEL MINISTRIES, Alakode.P.O, Kannur, Kerala, India-670571, Mob: 9447483061, 9605255481, Email: bajitbaby@yahoo.in | റിവൈവൽ ഗോസ്പൽ മിനിസ്ട്രീസ്, ആലക്കോട് പി. ഒ., കണ്ണൂർ, കേരള, ഇൻഡ്യ– 670571, ഫോൺ: 9447483061, 9605255481

"ദൈവം ഈ സ്ഥലത്തുണ്ട് സത്യം"

ബ്ലസ് കരുവഞ്ചാൽ – 2013
ബൈബിൾ കൺവൻഷനും സംഗീതവിരുന്നും

സ്ഥലം: ജിയോ സിറ്റി, വെള്ളാട് റോഡ്, കരുവഞ്ചാൽ, 2013 ഫെബ്രുവരി 22,23 (വെള്ളി, ശനി), വൈകുന്നേരം 5.30 മുതൽ 8.30 വരെ

പ്രസംഗം: പാസ്റ്റർ പോൾ ബാബു, തിരുവല്ല, ഗാനശുശ്രൂഷ: ഗോഡ്സ് വോയ്സ്, കണ്ണൂർ

ജാതി - മത ഭേദമന്യേ ഏവർക്കും സ്വാഗതം... | റിവൈവൽ ചർച്ച് ആലക്കോട്, ഫോൺ: 9447483061, 9605255481

## ലൈജു ജോർജ്ജ് പി.വൈ.പി.എ. ആക്ടിംഗ് പ്രസിഡന്റ്



കുമ്പനാട് : പി.വൈ.പി.എ. പ്രസിഡന്റ് പാസ്റ്റർ വിൽസൺ ശാമുവേൽ യു എ.ഇ. സന്ദർശിക്കുന്നതിനാൽ വൈസ് പ്രസിഡന്റ് ലൈജു ജോർജ്ജ് കുന്നത്ത് ആക്ടിംഗ് പ്രസിഡന്റായി ചുമതലയേറ്റു. പി.വൈ.പി.എ.സംസ്ഥാന പ്രസിഡന്റായ പാസ്റ്റർ വിൽസൺ ശാമുവേൽ മാർച്ച് ആരംഭത്തിൽ യുഎ.ഇ.സന്ദർശിക്കുന്നു.

## ജോസ് കെ വർഗീസ് നിയമിതനായി



നിലമേൽ: ഐ.പി.സി നിലമേൽ ഏരിയയുടെ സ്പോൺസർ ഡയറക്ടറായി ബ്രദർ ജോസ് കെ വർഗീസ് നിയമിതനായി. ഐ.പി.സി മണക്കാല ശാലേം സഭാംഗമായ ഇദ്ദേഹം ഇപ്പോൾ ഐ.പി.സി കുവൈറ്റ് സഭയുടെ മിഷൻ ഡയറക്ടറായും പ്രവർത്തിക്കുന്നു. 2008-ൽ ആരംഭിച്ച നിലമേൽ ഏരിയയിൽ പത്ത് സ്ഥലങ്ങളിൽ ആരാധനാ കൂടിവരവുകൾ നടന്നു വരുന്നു. പാസ്റ്റർ ജി.തോമസ്കുട്ടി ഏരിയ കൺവീനറായി പ്രവർത്തിക്കുന്നു.

## തയ്യൽ മെഷീൻ വിതരണം

നെടുമ്പാശേരി: ഐ.പി.സി നെടുമ്പാശേരി സഭയുടെ ആഭിമുഖ്യത്തിൽ നിർദ്ധന സ്ത്രീകൾക്ക് തയ്യൽ മെഷീനുകൾ സൗജന്യമായി വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് പി. വൈ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ആലുവ എം.എൽ.എ അൻവർ സാദത്ത് വിതരണോത്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ സേവ്യർ ജെയിംസ്, ജോൺ ടി മാത്യു, രാജൻ വർഗീസ്, ബേബി കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. വി.ജെ പൗലോസ് സ്വാഗതവും പാസ്റ്റർ മത്തായി ഹാബേൽ നന്ദിയും പറഞ്ഞു.

## വാഹനാപകടങ്ങളിൽ പാസ്റ്റർമാർക്ക് പരിക്കേറ്റു

**ടോണി ഡി ചെവ്വൂക്കാരൻ**

തൃശൂർ: പാസ്റ്റർമാരായ കെ.എ ഏബ്രഹാം, ഒ.പി. ബാബു, ഡ്രൈവർ നിഖിൽ സേവ്യർ എന്നിവർക്ക് വാഹനാപകടത്തിൽ സാരമായ പരിക്കേറ്റു. ജനു.26ന് വടക്കഞ്ചേരി ടൗണിനടുത്തായിരുന്നു അപകടം. ശാരോൻ ഫെലോഷിപ്പ് പാലക്കാട് ഡിസ്ട്രിക്റ്റ് കൺവൻഷനിൽ പ്രസംഗിക്കാൻ വരുന്ന വഴി ഇവർ സഞ്ചരിച്ചിരുന്ന കാറിൽ എതിർ ദിശയിൽ നിന്നും അമിത വേഗത്തിൽ വന്ന ബസ് ഇടിക്കുകയായിരുന്നു. ആശുപത്രിയിലായിരുന്ന പാസ്റ്റർ ഏബ്രഹാം ഭവനത്തിലേക്ക് മടങ്ങി. മറ്റു രണ്ടു പേരും തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

### പാസ്റ്റർ സി.ടി ബെന്നി

ഐ.പി.സി ചാലക്കുടി ഏരിയാ കൺവീനർ പാസ്റ്റർ സി.ടി ബെന്നിക്കും ഭാര്യ തങ്കമ്മക്കും വാഹനാപകടത്തിൽ പരിക്കേറ്റു. ജനു.30ന് തൃശൂർ റെയിൽവേ സ്റ്റേഷനടുത്തുവെച്ചായിരുന്നു അപകടം. തലക്ക് മാരകമായ പരിക്കേറ്റ പാസ്റ്റർ ബെന്നി അശ്വനി ഹോസ്പിറ്റലിൽ തീവ്രപരിചരണ വിഭാഗത്തിലാണ്. ഭാര്യക്ക് കാലിനാണ് പരിക്ക്.

## പുസ്തക പ്രകാശനം

**കുമളി:** ലോകം അറിഞ്ഞ കുമളി എന്ന പേരിൽ സണ്ണി ഇലഞ്ഞിമറ്റം എഴുതിയ കുമളിയുടെ ചരിത്രപുസ്തകം പ്രകാശനം ചെയ്തു. ജനു. 26ന് കുമളിയിൽ നടന്ന സമ്മേളനം ജില്ലാ പഞ്ചായത്ത് അംഗം എം.എം വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ പീരുമേട് എം.എൽ.എ ഇ.എസ് ബിജിമോൾ ഉദ്ഘാടനം ചെയ്തു. തോമസ് വടക്കേക്കൂറ്റ്, കുമളി പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ.എൻ. വിശ്വനാഥ അയ്യർക്ക് ആദ്യപ്രതി നൽകി പ്രകാശനം നിർവ്വഹിച്ചു.

**അയർക്കുന്നം:** പാസ്റ്റർ പി.കെ ജോൺസൺ എഴുതിയ ഞാൻ കണ്ട ഇസ്രയേൽ എന്ന ഗ്രന്ഥം തിരുവല്ല ഇന്ത്യാ ദൈവസഭ സ്റ്റേറ്റ് കൺവൻഷനിൽ പാസ്റ്റർ പി.പി കുര്യന് നൽകി ഓവർസിയർ പി.ജെ ജെയിംസ് പ്രകാശനം ചെയ്തു.

## പാലക്കാട് സെന്റർ കൺവൻഷൻ

**പാലക്കാട്:** ഐ.പി.സി പാലക്കാട് നോർത്ത് സെന്റർ കൺവൻഷൻ ഫെബ്രു.21-24 വരെ ടൗൺ അനക്സ് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർ എം.വി മത്തായി ഉദ്ഘാടനം ചെയ്യും.

## കോഴിക്കോട് മേഖല പ്രവർത്തനോദ്ഘാടനം

കോടഞ്ചേരി: പി.വൈ.പി.എ കോഴിക്കോട് മേഖല പ്രവർത്തനോദ്ഘാടനം ഡിസം.27ന് കോടഞ്ചേരി ഐ.പി.സി ഹാളിൽ നടന്നു. മേഖല പ്രസിഡന്റ് പാസ്റ്റർ ജോബി ജോസഫ് അധ്യക്ഷത വഹിച്ചു. ജോയിന്റ് സെക്രട്ടറി ഇവാ.സുനിൽ മാത്യു ഉദ്ഘാടനം ചെയ്തു. ഐ.പി.സി പേരാമ്പ്ര ഏരിയ കൺവീനർ പാസ്റ്റർ എം.എം മാത്യു ഇയർ പ്ലാൻ പ്രകാശനം ചെയ്തു. ഇവാ.ജോസ് ഏബ്രഹാം സ്വാഗതവും, സുജാസ് റോയി ചീരൻ നന്ദിയും പറഞ്ഞു.

## യാത്രയായി

### പാസ്റ്റർ ബാബു ജോർജ്ജിന്റെ പിതാവ് റവ.എ.കെ.ജോർജ്ജ്



റാന്നി: എ.ജി.ജനറൽ സെക്രട്ടറിയും, മലയാളം ഡിസ്ട്രിക്ട് സെക്രട്ടറിയുമായ പാസ്റ്റർ ബാബു ജോർജ്ജിന്റെ പിതാവ് തുമ്പമൺ വാഴപ്ലാവിൽ റവ.എ.കെ. ജോർജ്ജ് (80) നിര്യാതനായി. സംസ്ക്കാരം ശനിയാഴ്ച ഫെയ്ത്ത് സെൻട്രൽ എ.ജി സെമിത്തേരിയിൽ നടന്നു. എ.ജി.നൂറനാട്, മാവേലിക്കര, കൊല്ലക, ഞക്കനാൽ, പുതുപ്പള്ളി,പോരുവഴി, ഇടയ്ക്കാട്, ഉറുകുന്ന്, കൊല്ലം, മുഖത്തല, കുണ്ടറ, വാളകം, തുടങ്ങിയ സഭകളിൽ ശുശ്രൂഷകനായും കൊല്ലം, പുനലൂർ, സെക്ഷനുകളിൽ പ്രസ്ബിറ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പെന്തെക്കോസ്തു റിസേർച്ച് സെന്റർ, ഗ്ലോബൽ സോഷ്യൽ സയിന്റിഫിക്ക് റിസേർച്ച് സെന്റർ തുടങ്ങിയവയുടെ രക്ഷാധികാരിയുമായിരുന്നു.

ഭാര്യ മേരിക്കുട്ടി ജോർജ്ജ് കടമ്പനാട് ഇടയ്ക്കാട് ഇടയിലവീട്ടിൽ കുടുംബാംഗമാണ്. മറ്റുമക്കൾ: മേഴ്സി ഫ്രാൻസിസ്, ജെസ്സി കുര്യൻ . മരുമക്കൾ: ബേബി ബാബുജോർജ്ജ്, ഫ്രാൻസിസ് കട്ടക്കയം(കണ്ണൂർ), ജേക്കബ് കുര്യൻ കൊട്ടൂരഴിയത്ത് കുണ്ടറ (കുവൈറ്റ്).

### വി.എം. മാത്യുവിന്റെ സഹധർമ്മിണി ആനി മാത്യു



**കോട്ടയം:** ഗുഡ്ന്യൂസ് ചെയർമാനായിരുന്ന വാകത്താനം ശാലേം ഭവനിൽ പരേതനായ വി.എം. മാത്യുവിന്റെ സഹധർമ്മിണി ആനി മാത്യു (ചെല്ലമ്മ ടീച്ചർ- 82) ഫെബ്രുവരി അഞ്ചിനു അമേരിക്കയിൽ നിര്യാതയായി. ബേക്കർ മെമ്മോറിയൽ സ്കൂളിൽ അധ്യാപികയായിരുന്നു. 1957-ൽ ഭർത്താവിനോടൊപ്പം സ്നാനമേറ്റ് വാകത്താനം ഐ.പി.സിയിൽ അംഗമായി. 1989-ൽ മക്കളോടൊപ്പം അമേരിക്കയിൽ താമസമാക്കി. ഭർത്താവിന്റെ ആത്മീയ സേവനങ്ങളിൽ എന്നും പിൻബലമേകിയിരുന്ന പരേത തനിക്കു ലഭിച്ച പെൻഷന്റെ നല്ല ഭാഗവും സുവിശേഷ, ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിരുന്നു. സംസാക്കാരം ശനിയാഴ്ച സണ്ണിവെയിൽ ന്യൂഹോപ്പ് ഫ്യൂണറൽ ഹോമിൽ നടന്നു. മക്കൾ: ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ അംഗവും ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റി ട്രഷററുമായ രാജു മാത്യു, ഫിന്നി മാത്യു, കുര്യൻ മാത്യു, വെസ്ലി മാത്യു, പരേതനായ ബെയ്ലി. മരുമക്കൾ: ഡെയ്സി, മോളി, ലില്ലി, പ്രിയ.

### തങ്കമ്മ ജോൺ



കൊട്ടാരക്കര: തൃക്കണ്ണമംഗൽ എബനേസറിൽ പാസ്റ്റർ സി. കെ. ജോണിന്റെ ഭാര്യ തങ്കമ്മ ജോൺ (71) നിര്യാതയായി. തൃക്കണ്ണമംഗൽ ഐ.പി.സി. സെമിത്തേരിയിൽ സംസ്ക്കാരം നടത്തി. മക്കൾ: ഗ്രേസി, ലിസി, ജസി, മോൻസി, സാം സി ജോൺ, മരുമക്കൾ: രാജൻ, ജോർജ്ജുകുട്ടി, കൊച്ചുബേബി, പാസ്റ്റർ പീറ്റർ പി. ജോൺ, രേണു സാം


EXCEL MINISTRIES PATHANAMTHITTA, KERALA

**എക്സൽ വെക്കേഷൻ ബൈബിൾ സ്ക്കൂൾ ഡയറക്ടേഴ്സ് പരിശീലനങ്ങൾ - 2013**

ചിന്താവിഷയം: മേരാ ദോസ്ത്

| | | |
|---|---|---|
| ഫെബ്രു 23 | കാസർഗോഡ്, കാഞ്ഞങ്ങാട് | ബ്ര. റോയി. 9447739980 |
| ഫെബ്രു 25 | തളിപ്പറമ്പ്, ഹൈവേ ഇൻ, ചിറവക്ക് | പാ. വിനോദ്,9495082653 |
| ഫെബ്രു 26 | കണ്ണൂർ - ലേമാൻ ഇവാഞ്ചലിക്കൽഫെലോഷിപ്പ് ഹാൾ, | റജിനോൾഡ്, 9895423871 |
| മാർച്ച് 2 | അടൂർ ടൗൺ എ ജി ചർച്ച് | ബ്ര. ഫിന്നി, 8086464242 |
| മാർച്ച് 4-5 | പാലക്കാട് ടൗൺ എ ജി ചർച്ച്, | പാ. സത്യൻ 9605828744 |
| മാർച്ച് 6 | കുന്നംകുളം, | പാ. പി.റ്റി. ജോൺ, 9400197173 |
| മാർച്ച് 6 | ചിറ്റൂർ, | പാ. എബ്രഹാം, 8086261407 |
| മാർച്ച് 6 | തൊടുപുഴ, ഐശ്വര്യ ടൂറിസ്റ്റ് ഹോം | പാ. ജോബിൻ, 9495023466 |
| മാർച്ച് 4-5 | കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ് | പാ.ജോസ് :9895480668 |
| മാർച്ച് 9 | വയനാട്, | പാ. ജെയ്സൺ,9495030917 |
| മാർച്ച് 11 | നിലമ്പൂർ, KCEM Camp center, ഉപ്പട. | പാ. കെ സി തോമസ്, 9497119129 |
| മാർച്ച് 11 | എറണാകുളം-ഹൈലാൻഡ് ഇമ്മാനുവേൽ മനോരമ Jn. | പാ. ജോൺ എം,സി. 9447806184 |
| മാർച്ച് 12-13 | വടക്കാഞ്ചേരി, രെഹബോത്ത് വർഷിപ്പ് സെന്റർ. | സി. ലിജി 9447621821 |
| മാർച്ച് 12-13 | കോട്ടയം, IPCഫിലദെൽഫിയ ഹാൾ | പാ. അനിൽ 9496325026, |
| മാർച്ച് 13 | പത്തനാപുരം എ.ജി. ചർച്ച് | ബ്ര. ജിനു. 9447398604 |
| മാർച്ച് 15-16 | നെയ്യാറ്റിൻകര മുൻസിപ്പൽ ടൗൺഹാൾ | പാ.റെജി ജി. 9562482676 |
| മാർച്ച് 16 | കുമളി അണക്കര, എ.ജി. ചർച്ച് | പാ: ബ്ലസ്സൻ,9447560801 |
| മാർച്ച് 18-19 | പറവട്ടാനി ശാരോൻ ചർച്ച് | പാ: ഒ.പി. ബാബു, 9961197614 |
| മാർച്ച് 20-21 | പേരൂർക്കട, എ.ജി.ചർച്ച്, കടപ്പനകുന്ന് റോഡ് | പാ: സ്റ്റുവർട്ട്. 9947488279 |
| മാർച്ച് 21 | മാവേലിക്കര, കല്ലുമല ചർച്ച് ഹാൾ | പാ.ബിനു .8606887258 |
| മാർച്ച് 22-23 | മാരാമൺ റിട്രീറ്റ് സെന്റർ | പാ. ബിനു :9495834994 |
| മാർച്ച് 23 | അഞ്ചൽ എ.ജി.ചർച്ച്, | പാ. ജെ.ജോൺസൻ.9447393390 |
| മാർച്ച് 26 | കൊല്ലം - വൈ.എം.സി.എ. | ജോബി.9847992788 |

നിങ്ങളുടെ സഭയിലോ ചുറ്റുപാടിലോ ഒരു വി.ബി.എസ്സ് നടത്തുവാൻ താല്പര്യം ഉണ്ടെങ്കിൽ ദയവായി വിളിക്കുക.
Phone : 9495834994, 9496325026,
E-mail : excelvbs@gmail.com
Reg. Fee. Oneday Rs.100/- Two Day 250/-





**HALL MARK BUILDERS**
(ENGINEERS & CONTRACTORS)
**PATHANAMTHITTA**

**ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണ രംഗത്ത് വിശ്വസ്തതയാർജിച്ച മികച്ച സ്ഥാപനം.**

**ഞങ്ങളുടെ സ്ഥാപനത്തിന്റെ പ്രത്യേകതകൾ**

1. സിവിൽ കൺസ്ട്രക്ഷൻ രംഗത്ത് അനേക വർഷത്തെ പ്രവർത്തന പരിചയമുള്ള എൻജിനീയർ നടത്തുന്ന സ്ഥാപനം. (Rtd.Engineer P.W.D)
2. അതിവിദഗ്ദരായ ആർകിടെക്റ്റ്, സൈറ്റ് എൻജിനിയേഴ്സ് എന്നിവരുടെ മേൽനോട്ടം.
3. കുറഞ്ഞ ചിലവിൽ, കൂടുതൽ ഗുണനിലവാരമുള്ള മെറ്റീരിയൽസ് മാത്രം ഉപയോഗിച്ച് നിർമ്മാണം നടത്തുന്നു.
4. മെറ്റീരിയൽസ് ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ പർച്ചേസ് ചെയ്ത് വർക്ക് സൈറ്റിൽ തന്നെ സൂക്ഷിച്ച് നിർമ്മാണത്തിനുപയോഗിക്കുന്നു.
5. ആത്മാർത്ഥതയും, വിശ്വസ്തതയുമുള്ള സ്ഥിരം തൊഴിലാളികൾ
6. കേരളത്തിൽ എവിടെയും നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നു.

"വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം"
വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക
Managing Partners
9496981863 (M) 9349198374 (M)

# Hallelujah Matrimonial


മക്കളുടെ വിവാഹത്തിന്

ഒരു ടെലിഫോൺ കോളും 500 രൂപയും

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**


Pentecostal boy 27/176, MS/MBA, P/R holder working Australia seeks Pentecostal girls Engineers/Doctors with high morale and excellent academic profile

**8547431629**
**thomasvaidian1952@gmail.com**

Prposals invited for born again, baptized, good looking girl (24yrs, 5'6) doing MIPH (Masters in International Public Health) in Sydney from Doctors, Engineers or qualified professionals of any citizenship based overseas.Contact:

**arieh137@hotmail.com**
**00971507180519**

നാടാർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 27, 153cm, BSc Nurse. ഇപ്പോൾ തിരുവനന്തപുരത്ത് ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലേചനകൾ ക്ഷണിച്ചു കൊള്ളുന്നു. (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന)

**9495201652, 9624101064**

നാടാർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 34, 5'2, B.Tech Electronics ISRO-ൽ കോൺട്രാക്റ്റ് എൻജിനീയറായി ജോലി ചെയ്യുന്നു. സുവിശേഷവേലക്ക് താല്പര്യമുള്ള Professionally Qualified ആയിട്ടുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**9446416886**

**പുനർവിവാഹം**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് പുരുഷൻ 51, ആദ്യ ഭാര്യ മരിച്ചു പോയി. നല്ല സാമ്പത്തികം, ബാധ്യതകളില്ലാത്ത പെന്തെക്കോസ്ത്കാരിൽ നിന്നും വിവാഹോലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**9447594531**

**പുനർവിവാഹം**

നാടാർ പെന്തെക്കോസ്ത് യുവാവ് 36, വെളുത്ത നിറം, 5¼ ഇഞ്ച് ഉയരം, യോഗ്യമായ സൗന്ദര്യം, B.Th, സുവിശേഷ പ്രവർത്തനത്തോടൊപ്പം ജോലി, സ്വന്തമായ വീടും സൗകര്യവും (കാഴ്ചക്കുറവുണ്ട്). ബാധ്യതകളില്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. സാമ്പത്തികം, സ്ഥലം, ജാതി, പ്രശ്നമല്ല, വന്ധ്യതയുള്ളവരെയും (പ്രസവിക്കാത്ത) പരിഗണിക്കും.

**09496118359**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 30, 5'4" ഇരുനിറം, എം.ടിഎച്ച്, തമിഴ്നാട്ടിൽ സെറ്റിൽഡ്, സുവിശേഷവേലയിൽ താത്പര്യമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ: 09442317329**

**പുനർവിവാഹം**

തന്റേതല്ലാത്ത കാരണത്താൽ വിവാഹബന്ധം വേർപെടുത്തിയ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 33, 170cm, വെളുത്തനിറം, സുമുഖൻ, നല്ല ശമ്പളത്തോടുകൂടി മസ്കറ്റിൽ ജോലിയോടപ്പം ആത്മീയമായും പ്രവർത്തിക്കുന്നു. BSc യോ ജനറൽ നേഴ്സോ ആയ എല്ലാ ക്രിസ്തീയ വിഭാഗത്തിലും പെട്ട യുവതികളുടെ രക്ഷിതാക്കളിൽ നിന്നും (ആദ്യവിവാഹമോ, പുനർവിവാഹമോ) ആലോചനകൾ ക്ഷണിക്കുന്നു.

**9847614655, 8547409708, 9605039954**

റോമൻ കത്തോലിക്കാ സഭയിൽ നിന്ന് വിശ്വാസത്തിലേക്ക് വന്ന പെന്തെക്കോസ്ത് യുവാവ് 30, 174 സെമീ, അബുദാബിയിൽ പെട്രോളിയം കമ്പനിയിൽ ജോലി ചെയ്യുന്നു. ലീവിന് നാട്ടിൽ വന്നിട്ടുണ്ട്. ഡിഗ്രിയുള്ളതോ ജോലിയുള്ളതോ ആയ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**0481-2502535, 9562829727**

## അനാഥ യുവാവ് ഉപരിപഠനത്തിന് സഹായം അഭ്യർത്ഥിക്കുന്നു

കോഴിക്കോട് സ്വദേശിയായ സുനിൽ രാജിന് ചെറുപ്പത്തിൽ തന്നെ മാതാപിതാക്കൾ മരിച്ചതിനാൽ അനാഥനായി. ഹിന്ദി സാഹിത്യാചാര്യ എന്ന കോഴ്സ് ഉയർന്ന മാർക്കോടെ പാസായ ഈ യുവാവ് തുടർന്ന് ബി.എഡിന് പോകുവാൻ താല്പര്യപ്പെടുന്നു.

സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തതിനാൽ ഹോസ്റ്റലിൽ താമസിക്കുന്നു. ഹോട്ടലുകളിൽ പാർട്ട്ടൈം ജോലി ചെയ്താണ് ഇതുവരെ പഠിച്ചത്. ബി.എഡിന് ചേർന്നാൽ ഫുൾടൈം ക്ലാസും പഠനഭാരം കൂടുതലുമാകയാൽ ഹോട്ടൽ ജോലി തുടരാനാവില്ല. ഈ സാഹചര്യത്തിൽ ഈ യുവാവിന്റെ പഠനം തുടരുവാൻ സഹായിക്കുവാൻ താല്പര്യമുള്ളവർ അദ്ദേഹവുമായി ബന്ധപ്പെടുക. അസംബ്ലീസ് ഓഫ് ട്രിനിറ്റി വർഷിപ്പ് സെന്ററിലാണ് ഇദ്ദേഹം ആരാധിക്കുന്നത്.

**9562067695**

## സംസ്ഥാന വനിതാ ക്യാമ്പ് ചരൽകുന്നിൽ

**തിരുവല്ല:** യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് 11-ാമത് സംസ്ഥാന വനിതാ ക്യാമ്പ് ഏപ്രിൽ 15-17 വരെ ചരൽകുന്നിൽ നടക്കും. രക്ഷാധികാരി റവ.തോമസ് ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ക്യാമ്പ് ഫീസ് 500 രൂപ. 9446819544

## ഫാമിലി കോൺഫ്രൻസ്

ചെറുവക്കൽ: ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ പൂർവ്വവിദ്യാർത്ഥികൾക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി ഏപ്രിൽ 17ന് കോളജിൽ ഏകദിന സമ്മേളനം നടക്കും. 1992 മുതൽ 2012 വരെ വിവിധ കോഴ്സുകൾ പഠിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നവർ പങ്കെടുക്കും. 9048944345

## പാസ്റ്റേഴ്സ് ഫാമിലി മീറ്റിംഗ്

കണ്ണൂർ: ഐ.പി.സി കണ്ണൂർ നോർത്ത് സെന്റർ ശുശ്രൂഷക കുടുംബ മീറ്റിംഗ് ഫെബ്രു 12ന് തളിപ്പറമ്പ് സഭയിൽ നടന്നു. പാസ്റ്റർ മോനി ചെന്നിത്തല മുഖ്യ സന്ദേശം നൽകി.


Every good gift and every perfect gift is from above, coming down from the Father of lights

Since : 1988
GRACE Visual media
HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...

Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com

ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

IPC SHALOM FELLOWSHIP
real pentecostals

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.

ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

Sunday Worship Service:
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



Pastor John Thomas (647) 833 9744
pastorjt@irctoronto.com Web:www.irctoronto.com

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

എയർപോർട്ടിൽ എത്തുന്നവരുടെ ശ്രദ്ധയ്ക്ക്

ഐ.പി.സി.ഫിലദെൽഫ്യ ചർച്ച് നെടുമ്പാശ്ശേരി
കരിയാട്, 0484-2610645



നെടുമ്പാശ്ശേരി എയർപോർട്ടിൽ വന്നു പോകുന്നവർക്ക് ആരാധനയ്ക്ക് സൗകര്യപ്രദമായ ആലയം നെടുമ്പാശ്ശേരി, കാലടി, കാഞ്ഞൂർ, ചെങ്ങമനാട് എന്നീ പഞ്ചായത്തുകളിലെ ആദ്യത്തെ പെന്തെക്കോസ്ത് കൂടിവരവ്. സ്വന്തമായി സ്ഥലവും മനോഹരമായ സഭാഹാളും ആത്മനിറവിലെ ആരാധനയും വചനശുശ്രൂഷയും **പാസ്റ്റർ മത്തായി ഹാബേൽ** ശുശ്രൂഷിക്കുന്നു.

എയർപോർട്ടിൽ നിന്നും തിരുവിലാംകുന്ന് വഴി കരിയാട് ജംഗ്ഷന് സമീപം.

ഫോൺ:9847808595

ആത്മീയ ആരാധനയ്ക്കായി
അസംബ്ലീസ് ഓഫ് ഗോഡ്. ചൂണ്ടി, ആലുവയിലേക്ക് സ്വാഗതം
ആരാധന ഞായർ 10-1
പാസ്റ്റർ തോമസ് ജോസഫ്,
പ്രണവം കോംപ്ലക്സ്, ചൂണ്ടി, ആലുവ-683112
ഫോൺ: 9645875599, 9645875686

ലൈറ്റ് & സൗണ്ട് ഷോ

അഭിനയപാടവം ഉള്ള ദൈവമക്കളെ ആവശ്യമുണ്ട്. HOSEA TV PRODUCTIONS ന്റെ ബാനറിൽ യേശുവിന്റെ ജനനം മുതൽ ഉയർപ്പ് വരെയുള്ള ഭാഗങ്ങൾ ശബ്ദ വെളിച്ച നിയന്ത്രണത്തിൽ സ്റ്റേജിൽ അവതരിപ്പിച്ച് തുടങ്ങുന്നു.താൽപര്യമുള്ളവർ (Male/Female) താങ്കളുടെ ഫുൾസൈസ് ഫോട്ടോയും ബയോഡേറ്റയും ഫെബ്രുവരി 28 ന് മുൻപായി അയച്ചുതരിക.

HOSEA TV PRODUCTIONS
TC. 36/139 (3) SHEKINA,
EANCHAKKAL, VALLAKADAVU .P.O
THIRUVANANTHAPURAM KERALA - 695008

വസ്തു വിൽപ്പനക്ക്

തിരുവനന്തപുരത്ത് നിന്നും 9 കി.മീ തിരുനല പെരുകാവ് റൂട്ടിൽ വെള്ളം, ഇലക്ട്രിസ്റ്റി, കിണർ സൗകര്യമുള്ളതും ചുറ്റുമതിലുള്ളതുമായ 40 സെന്റ് ലോറി സൈറ്റ് വിൽപ്പനക്ക്. ക്രിസ്ത്യൻ സ്ഥാപനങ്ങൾക്ക് അനുയോജ്യം.

9447127270

21-ാം വർഷം
മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്
ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ
ലയൺസ് ക്ലബിന് സമീപം, മണിമല



കൃപാവരശുശ്രൂഷകൻ
പാസ്റ്റർ സജി പി ഏബ്രഹാം (കാനം സജി)
നേതൃത്വം നൽകുന്നു. ഫോൺ: 9846184544

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

ആരാധന-വിടുതൽ-ദൈവീക ആലോചന

ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ
ഗോവയിലേക്ക് സ്വാഗതം
ആരാധന: ഞായർ 10.30 am 12.30 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10am- 1 pm
ബൈബിൾ സ്റ്റഡി: ശനിയാഴ്ച 7 pm - 8.30 pm
Contact: PR.SAJI MATHEW,
Fermino Appartment, St.Mary Colony,
Miramar, Panjim, Goa-403001
Ph: 08108233413, 8975440507, 9405921084

